
മെയ് 2025 വാല്യം 64 ലക്കം 05

# ദൈവരാജ്യം

കോതമംഗലം രൂപതാ ബുള്ളറ്റിൻ



POPE FRANCIS

1936-2025

'തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്.'

സങ്കീർത്തനങ്ങൾ 116 : 15

# ആദരാഞ്ജലികൾ



## റവ. ഡോ. ഇമ്മാനുവേൽ വട്ടക്കുഴി

| | | |
|---|---|---|
| ഇടവക | : | കല്ലൂർക്കാട് |
| ജനനം | : | 16. 08. 1943 |
| തിരുപ്പട്ടം | : | 21. 12 . 1969 |
| മരണം | : | 18. 04. 2025 |
| മൃതസംസ്കാരം | : | 21. 04. 2025 |

**സേവനരംഗങ്ങൾ**

അസ്തേന്തി: മൈലക്കൊമ്പ്, പെരുമ്പള്ളിച്ചിറ.
വികാരി: കരിമണ്ണൂർ, നാരകക്കാനം, അഞ്ചിരി.

**മറ്റു സേവനരംഗങ്ങൾ**

മൈനർ സെമിനാരി വൈസ് റെക്ടർ, തിരുഹൃദയ, കർമ്മലീത്ത, ധർമ്മഗിരി നൊവിഷ്യേറ്റുകളിൽ അധ്യാപനം, മംഗലപ്പുഴ സെമിനാരി പ്രൊഫസ്സർ, വിശ്വാസപരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ, രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ, ശാന്തിസദൻ ആശ്രമം.



## വി. മൂറോൻ കൂദാശ

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

മെയ് 2025 വാല്യം 64 ലക്കം 5


## ഉള്ളടക്കം


5 മെയ്ദിന സന്ദേശം – 2025
11 ദൈവവിളികൾക്കായുള്ള പ്രാർത്ഥനാദിനസന്ദേശം
17 സർക്കുലർ
20 കൃതജ്ഞത
22 2025 ജൂബിലിവർഷ കർമ്മപദ്ധതി
23 രൂപതക്കച്ചേരി
26 ഒഡീഷ മിഷൻ
27 മൈനർ സെമിനാരി
28 വിജ്ഞാനഭവൻ
32 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
34 നിർമ്മല സിവിൽ സർവീസ് അക്കാദമി
35 സോഷ്യൽ സർവീസ്
36 ചെറുപുഷ്പ മിഷൻലീഗ്
38 ഫാമിലി അപ്പോസ്റ്റലേറ്റ്
38 പ്രോ – ലൈഫ്
39 പിതൃവേദി
39 മാതൃവേദി
40 യൂദിത്ത് മിനിസ്ട്രി
40 മദ്യവിരുദ്ധസമിതി
41 ഡി. എഫ്. സി.
42 യുവദീപ്തി – K.C.Y.M.
43 ജീസസ് യൂത്ത്
49 പ്രാർത്ഥനാഗ്രൂപ്പ്
43 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
44 കേരള ലേബർ മൂവ്മെന്റ്
45 നെസ്റ്റ് പ്രോഗ്രാം
45 രൂപതാദ്ധ്യക്ഷന്റെ ഡയറി
49 Bishop's Engagements
50 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
50 നിര്യാതയായി






**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
✆ 8281946306 ✉ bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 26 ജൂബിലി സ്മാരക സ്കോളർഷിപ്പ്

Page 28 വിശ്വാസപരിശീലകരുടെ രൂപതാ കൺവൻഷൻ

Page 31 ബലിയെൻ ബലം

Page 37 കുഞ്ഞേട്ടൻ Centenary League

Page 37 ക്രിസ്റ്റീൻ ധ്യാനം

Page 37 മിഷനറി സംഗമം


## തിരുനാളുകൾ



**1**
തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ്



**2**
വി. അത്തനേഷ്യസ്



**3**
വി. യാക്കോബ്



**3**
വി. പീലിപ്പോസ്



**6**
വി. ഡൊമിനിക് സാവിയോ



**14**
വി. മത്തിയാസ് ശ്ലീഹ



**18**
മാർ അദ്ദായി



**29**
കർത്താവിന്റെ സ്വർഗാരോഹണം



**31**
പരി. കന്യകാ മറിയത്തിന്റെ സന്ദർശനം

No.: 4100/K-5/KCBC/OL/DS 16.04.2025

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ മെയ്ദിന സന്ദേശം - 2025

### ജൂബിലി വർഷം: "പ്രത്യാശ നമ്മെ നിരാശപ്പെടുത്തുന്നില്ല" (റോമ 5:5)

ഈശോയിൽ പ്രിയപ്പെട്ട തൊഴിലാളി സഹോദരങ്ങളേ,

എല്ലാവർക്കും തൊഴിലാളി ദിനത്തിന്റെയും തൊഴിലാളിയായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളിന്റെയും ആശംസകൾ പ്രാർത്ഥനാപൂർവം നേരുന്നു.

1) ആഗോള തിരുസ്സഭ ജൂബിലി വർഷാചരണത്തിന്റെ നിറവിലാണ്. "പ്രത്യാശയുടെ തീർത്ഥാടകർ" എന്നതാണ് ജൂബിലി വർഷത്തിന്റെ പരിചിന്തന വിഷയം. ജൂബിലിയുടെ ഭാഗമായി 2025 മെയ് 1 മുതൽ 4 വരെയുള്ള ദിവസങ്ങളിൽ റോമിൽ വച്ച് തൊഴിലാളികളുടെ ജൂബിലി വർഷം പ്രത്യേകമായി ആചരിക്കപ്പെടുകയാണ്. "ഒത്തൊരുമ, പങ്കാളിത്തം, പ്രേഷിതത്വം" എന്നീ ആശയങ്ങളെ ആധാരമാക്കി 2021 മുതൽ 2024 വരെ നീണ്ടുനിന്ന സിനഡൽ സഭയ്ക്കായുള്ള മെത്രാൻ സിനഡ് സമാപിച്ചത് ഇക്കഴിഞ്ഞ ഒക്ടോബർ മാസത്തിലാണ്. സിനഡൽ തീരുമാനങ്ങൾ എല്ലാ തലങ്ങളിലും നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ് തിരുസ്സഭ. ഈ രണ്ട് മഹാസംഭവങ്ങളുടെ സവിശേഷ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ തൊഴിലാളി ദിനം ആചരിക്കുന്നത്. വിവിധ തലങ്ങളിൽ തൊഴിലാളികളുടെ ഒത്തുചേരലുകൾക്കുള്ള വേദികളും സംവിധാനങ്ങളും രൂപപ്പെടുത്താനും, തിരുസ്സഭയുടെ സാമൂഹിക ശുശ്രൂഷയിൽ തൊഴിലാളികൾക്കു കൂടുതൽ പങ്കാളിത്തം നല്കി, യേശുവിന്റെ പ്രേഷിതരായി രൂപപ്പെടുത്താനും അവരെ പ്രത്യാശനിർഭരരാക്കി മുന്നോട്ട് നയിക്കാനും ഈ വർഷത്തെ തൊഴിലാളി ദിനാചരണം നമ്മെ പ്രചോദിപ്പിക്കുന്നു.

2) അമേരിക്കയിലെ ചിക്കാഗോയിൽ, പ്രതിദിന തൊഴിൽ സമയം എട്ടുമണിക്കൂറായി നിജപ്പെടുത്തുന്നതിനായി തൊഴിലാളികൾ നടത്തിയ സംഘടിത മുന്നേറ്റത്തിന്റെ ഓർമ്മ പുതുക്കൽ എന്ന നിലയിലാണ് അന്താരാഷ്ട്ര തൊഴിലാളി ദിനമായി മെയ് 1 ആചരിക്കാൻ

തുടങ്ങിയത്. പിന്നീട് ഇതര തൊഴിൽ അവകാശങ്ങൾക്കു വേണ്ടി തൊഴിലാളികൾ നടത്തിയ വലിയ സംഘടിത പോരാട്ടത്തിന്റെ ചരിത്രം ഓർമ്മിക്കുന്നതിനും, അതോടൊപ്പം സമൂഹത്തിനു തൊഴിലാളികൾ നല്കിവരുന്ന സംഭാവനകളെ ആദരിക്കുന്നതിനും കൂടിയാണ് അന്താരാഷ്ട്ര തൊഴിലാളി ദിനം ആചരിക്കുന്നത്. മെയ്ദിനത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടാണ് പരിശുദ്ധ പീയൂസ് പന്ത്രണ്ടാമൻ പാപ്പ 1955-ൽ മേയ് 1 തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായി കൂടി പ്രഖ്യാപിച്ചത്. ഇന്ന് തൊഴിലാളികളുടെ അവകാശങ്ങളുടെയും ഐക്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രതീകമാണ് മെയ് 1.

3) ഇന്ത്യയിലെ തൊഴിൽശക്തിയുടെ എണ്ണം 59 കോടിയെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇവരിൽ അൻപത്തിയഞ്ചര കോടിയിലധികം (94 ശതമാനം) പേരും അസംഘടിത തൊഴിലാളികൾ ആണ്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ മാർഗരേഖ പ്രകാരം തൊഴിലെടുക്കുന്ന എല്ലാവർക്കും അന്തസ്സുള്ള തൊഴിൽ ലഭിക്കേണ്ടതായുണ്ട്. ന്യായമായ വേതനം, തൊഴിൽ സംരക്ഷണം, സാമൂഹിക സുരക്ഷ, നിയമപരിരക്ഷ എന്നിവയാണ് അന്തസ്സുള്ള തൊഴിലിന്റെ അടിസ്ഥാന ഘടകങ്ങൾ. അന്തസ്സുള്ള തൊഴിൽ ലഭിക്കാത്ത തൊഴിലാളി വിഭാഗത്തെയാണ് അസംഘടിത തൊഴിലാളികൾ അഥവാ അനൗപചാരിക തൊഴിലാളികൾ എന്നു വിളിക്കുന്നത്. ഇന്ത്യൻ തൊഴിൽശക്തിയിലെ 46 ശതമാനത്തിലധികം പേരും കാർഷിക മേഖലയിലാണ് തൊഴിലെടുക്കുന്നത്. അഞ്ച് ഏക്കറിൽ താഴെ കൃഷിഭൂമി സ്വന്തമായിട്ടുള്ള നാമമാത്ര-ചെറുകിട കർഷകരെയും അസംഘടിത തൊഴിലാളി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയിലെ അസംഘടിത തൊഴിലാളികളിലെ വലിയ വിഭാഗം കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം എന്നിവ ഉൾപ്പെട്ട പ്രാഥമിക മേഖലയിലാണ് ജീവനോപാധി കണ്ടെത്തുന്നത്. ഏതാണ്ട് നൂറ്റിയിരുപത്തഞ്ചോളം വിഭാഗം തൊഴിലാളികളെ അസംഘടിത തൊഴിലാളികളായി കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, വാണിജ്യ കേന്ദ്രങ്ങളിലെ ജീവനക്കാർ, വാഹന തൊഴിലാളികൾ, സ്വയം തൊഴിൽ കണ്ടെത്തുന്നവർ, കുടിയേറ്റ തൊഴിലാളികൾ എന്നിവർ ഈ ലിസ്റ്റിലെ പ്രധാന വിഭാഗങ്ങളാണ്. യൂബർ, സൊമാറ്റോ തുടങ്ങിയ മേഖലകളിൽ

തൊഴിലെടുക്കുന്ന ജിഗ് തൊഴിലാളികൾ/പ്ലാറ്റ്ഫോം തൊഴിലാളികൾ എന്ന പുതിയ വിഭാഗം തൊഴിലാളികളെയും അസംഘടിത വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4) വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ എന്നത് അഭിമാനകരമാണ്. രാജ്യത്തിന്റെ വളർച്ചയെ സംബന്ധിച്ച് അന്താരാഷ്ട്ര തലങ്ങളിലുള്ള പല റിപ്പോർട്ടുകളും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്. 2025 ഫെബ്രുവരി മാസത്തിൽ International Monetary Fund (IMF), പ്രസിദ്ധീകരിച്ചതനുസരിച്ച് ലോകത്തിലെ ഏറ്റവും വലിയ സമ്പദ്വ്യവസ്ഥയിൽ അഞ്ചാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. യു. കെ., ഫ്രാൻസ്, ഇറ്റലി, കാനഡ തുടങ്ങിയ രാഷ്ട്രങ്ങൾ ഇന്ത്യയേക്കാൾ പിന്നിലാണ്. 2024 ലെ യു. എൻ. ഡി. പി റിപ്പോർട്ടനുസരിച്ച് ലോകത്താകമാനം 110 കോടി ദരിദ്രർ ആണുള്ളത്. അതിൽ 23.4 കോടി ദരിദ്രർ വസിക്കുന്നത് ഇന്ത്യയിലാണ്. അതായത് ലോകത്തിൽ ഏറ്റവും കൂടുതൽ ദരിദ്രർ നിവസിക്കുന്ന രാഷ്ട്രം ഇന്ത്യയാണ്. രാഷ്ട്രം കൈവരിക്കുന്ന നേട്ടങ്ങൾ താഴെത്തട്ടിലേക്ക് ആനുപാതികമായി വിനിമയം ചെയ്യപ്പെടുന്നില്ല എന്നതാണ് ഇന്ത്യ അഭിമുഖീകരിക്കുന്ന വലിയ പ്രശ്നം. ഇതിന്റെ മുഖ്യകാരണമായി സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യൻ തൊഴിൽ ശക്തിയിലുള്ള അസംഘടിതാവസ്ഥയാണ്. അസംഘടിത തൊഴിലാളികളാണ് ഇന്ത്യയിലെ ദരിദ്രർ. തൊഴിൽ ലഭ്യതക്കുറവ്, കുറഞ്ഞ വേതനം, സാമൂഹിക സുരക്ഷയില്ലായ്മ, സമഗ്രമായ നിയമ പരിരക്ഷയില്ലായ്മ എന്നിവയാണ് അസംഘടിത തൊഴിലാളികളെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നത്. അസംഘടിത തൊഴിലാളികളുടെ വരുമാനം ഉയർത്തുവാൻ ഏറെ സഹായകരമായ മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കും ഇതര സാമൂഹിക സുരക്ഷാ പദ്ധതികൾക്കും മതിയായ വകയിരുത്തൽ ഇല്ലാതെ പോകുന്നതും ഇന്ത്യൻ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ കാര്യക്ഷമത കുറച്ചിട്ടുണ്ട്. പദ്ധതികളും പ്രഖ്യാപനങ്ങളും ധാരാളം ഉണ്ടെങ്കിലും കാര്യക്ഷമമായി നടപ്പിലാക്കപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അർഹമായത് നിഷേധിക്കുകയും പ്രതിഷേധങ്ങളെ അവഗണിക്കുകയും ചെയ്യുന്ന സമീപനമാണ് സർക്കാരുകൾ സ്വീകരിക്കുന്നത്. മുഖ്യധാരാ ട്രേഡ് യൂണിയനുകൾ കടമ നിർവഹിക്കുന്നതിൽ പരാജയപ്പെടുകയോ അധികാരികൾക്ക് കീഴ്പ്പെടുകയോ ചെയ്തിരിക്കുന്നു. ഭരണാധികാരികളും, രാഷ്ട്രീയ കക്ഷികളും, കേന്ദ്ര

ട്രേഡ് യൂണിയനുകളും അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങൾ ഗൗരവതരമായി പരിഗണിക്കണം.

5) അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാനുള്ള വിവിധ പദ്ധതികളിലൂടെയും നിയമനിർമ്മാണങ്ങളിലൂടെയും രാജ്യത്തിനു തന്നെ മാതൃകയാകാൻ കേരളത്തിനു സാധിച്ചിട്ടുണ്ട് എന്നത് അഭിമാനകരമാണ്. എന്നാൽ തൊഴിലാളി അനുകൂല സംസ്ഥാനം എന്ന കേരളത്തിനു ചാർത്തപ്പെട്ടിട്ടുള്ള സൽപേരിനു ഇന്നു കളങ്കം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അസംഘടിത തൊഴിലാളികൾക്ക് നൽകേണ്ട പെൻഷൻ ഉൾപ്പെടെയുള്ള നിരവധി ആനുകൂല്യങ്ങൾ കുടിശ്ശികയായിരിക്കുകയാണ്. സാധാരണ തൊഴിലാളികൾ നടത്തുന്ന അവകാശ സമരങ്ങളോട് നിഷേധാത്മക നിലപാടുകളാണ് അധികാരികൾ സ്വീകരിക്കാറുള്ളത്. അവകാശ സമരങ്ങളെ കേൾക്കാനും പരിഹാരം കാണാനും ജനാധിപത്യ സർക്കാരുകൾക്ക് കഴിയേണ്ടതുണ്ട്. അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ യുവജനങ്ങളെ നാടുവിടാൻ പ്രേരിപ്പിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം, ഉല്പന്നങ്ങളുടെ വിലക്കുറവ് എന്നിവ മൂലം കാർഷിക- മത്സ്യബന്ധന മേഖലകൾ വലിയ പ്രതിസന്ധിയിലായിരിക്കുന്നു. കൂടാതെ മലയോര മേഖലയിലെ വന്യജീവികളുടെ ആക്രമണം, കടലിൽ നിന്നും മണ്ണുഖനനം ചെയ്യാനുള്ള പുറപ്പാട് എന്നിവ കൂനിന്മേൽ കുരു എന്നതുപോലെ ആയിരിക്കുന്ന സാഹചര്യത്തിൽ തൊഴിലാളി സൗഹൃദ സംസ്ഥാനം എന്ന പദവി വീണ്ടെടുക്കാൻ സംസ്ഥാന സർക്കാരും, രാഷ്ട്രീയ കക്ഷികളും, ട്രേഡ് യൂണിയനുകളും ഒത്തൊരുമിച്ച് ശ്രമിക്കേണ്ടിയിരിക്കുന്നു.

6) ഈ ജൂബിലി വർഷത്തിൽ അസംഘടിത തൊഴിലാളികൾക്ക് പ്രത്യാശ പകർന്നു നൽകാൻ തിരുസ്സഭാ മാതാവ് എല്ലാ ക്രൈസ്തവരെയും ആഹ്വാനം ചെയ്യുന്നു. "ഈ കാലഘട്ടത്തിലെ മനുഷ്യരുടെ, പ്രത്യേകിച്ച് ദരിദ്രരോ ഏതെങ്കിലും വിധത്തിൽ ദുരിതമനുഭവിക്കുന്നവരോ ആയവരുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ഉത്കണ്ഠകളും, ക്രിസ്തുവിന്റെ അനുയായികളുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ഉത്കണ്ഠകളും തന്നെയാണ്" (സഭ ആധുനിക ലോകത്തിൽ, 1) എന്നതാണ് തിരുസഭയുടെ കാഴ്ചപ്പാട്. "ദൈവത്തിലേക്ക് നാം ദൃഷ്ടികൾ ഉയർത്തുമ്പോൾ, ചരിത്രത്തിലെ ദുരന്തങ്ങളിൽ നിന്ന് അത് നമ്മെ അകറ്റുന്നില്ല. പകരം, അത് നമ്മുടെ

ചുറ്റുമുള്ളവരുടെ കഷ്ടപ്പാടുകളിലേക്ക് കൂടി നമ്മുടെ കണ്ണുകൾ തുറക്കുന്നു". (ഫ്രാൻസിസ് പാപ്പ, സിനഡിന്റെ അന്തിമ പ്രസ്താവന നമ്പർ 2).

7) കെസിബിസി ലേബർ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെന്റ് കെ.എൽ.എം. സിബിസിഐ ലേബർ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള റീജണൽ ഘടകമാണ്. KLM ന്റെയും തൊഴിലാളി ഫോറങ്ങളുടെയും യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കപ്പെടണം. KLM വഴി എല്ലാ തൊഴിലാളികളെയും ഏതെങ്കിലും സാമൂഹിക സുരക്ഷാ പദ്ധതികളുടെ ഭാഗമാക്കണം. തൊഴിലാളികളുടെ വരുമാന സുരക്ഷ ഉറപ്പാക്കാനും, സമ്പാദ്യശീലം വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. തൊഴിലാളി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായി അല്മായർക്ക് പരിശീലനം നൽകി അവരെ സജ്ജരാക്കണം. മെയ് ദിനാചരണത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും പ്രത്യേക പരിപാടികൾ ആവിഷ്കരിക്കണം.

8) ജൂബിലി വർഷ സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ പറഞ്ഞിട്ടുള്ളതുപോലെ, "ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ പോലും ഇല്ലാത്ത കോടിക്കണക്കിന് ദരിദ്രർക്ക് പ്രത്യാശ നൽകണമെന്ന് ഞാൻ പൂർണ്ണഹൃദയത്തോടെ അപേക്ഷിക്കുന്നു. പുതിയ തരത്തിലുള്ള ദാരിദ്ര്യത്തിന്റെ നിരന്തരമായ വേലിയേറ്റത്തിന് മുമ്പ്, നമുക്ക് എളുപ്പത്തിൽ നിരാശരാകാനും നിസ്സംഗരാകാനും കഴിയും. എന്നിരുന്നാലും, ലോകത്തിന്റെ ചില ഭാഗങ്ങളിൽ മാത്രമല്ല, നമുക്ക് ചുറ്റും ഇപ്പോൾ നേരിടുന്ന നാടകീയമായ സാഹചര്യങ്ങൾക്ക് നേരെ നാം കണ്ണടയ്ക്കരുത്'... നമ്മൾ മറക്കരുത്: ദരിദ്രർ എല്ലായ്പ്പോഴും ഇരകളാണ്, കുറ്റപ്പെടുത്തേണ്ടവരല്ല" (ജൂബിലി വർഷ സന്ദേശം,15).

**ഉപസംഹാരം**

"ശിമയോൻ പറഞ്ഞു: ഗുരോ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല. എങ്കിലും നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം. വലയിറക്കിയപ്പോൾ വളരെയേറെ മത്സ്യങ്ങൾ അവർക്ക് കിട്ടി. അവരുടെ വല കീറിത്തുടങ്ങി" (ലൂക്കാ 5:5,6). പ്രിയ തൊഴിലാളി സഹോദരങ്ങളെ, നിരവധി പ്രതിസന്ധികളിലൂടെയാണ് നമ്മുടെ കുടും

ബങ്ങൾ കടന്നു പോകുന്നതെന്നറിയാം. വിശുദ്ധ ശിമയോൻ പത്രോസിനെപോലെ പ്രത്യാശയോടെ ദൈവാനുഗ്രഹത്തോടെ നമുക്ക് മുന്നേറാം. തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപ എല്ലാവരിലും ഉണ്ടാകട്ടെ.

കെ.സി.ബി.സി ലേബർ കമ്മീഷനു വേണ്ടി,

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

---

NB: 2025 മെയ് 4 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

No.4098/K-5/KCBC/OL/DS 11.04.2025

# ദൈവവിളികൾക്കായുള്ള 62-ാമത് ആഗോള പ്രാർഥനാദിനത്തിൽ (മെയ് 11, 2025) പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവവിളികൾക്കായുള്ള ഈ 62-ാമത് പ്രാർഥനാദിനത്തിൽ നിങ്ങളുടെ ജീവിതങ്ങൾ ഉദാരമായി സമർപ്പിക്കുന്ന ഒരു ദാനമായി തീർത്തുകൊണ്ട് പ്രത്യാശയുടെ തീർഥാടകരാകാൻ ഞാൻ നിങ്ങളെ സന്തോഷപൂർവം ക്ഷണിക്കാൻ ആഗ്രഹിക്കുന്നു.

ദൈവം നമ്മുടെ ഹൃദയത്തിൽ വിതയ്ക്കുന്ന ഒരു അമൂല്യ ദാനമാണ് ദൈവവിളി; സ്വയം പരിത്യജിച്ചിട്ട് സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും ഒരു യാത്രയ്ക്കായി ഇറങ്ങിപ്പുറപ്പെടാനുള്ള ക്ഷണമാണത്. സഭയിലെ ഓരോ ദൈവവിളിയും-അല്മായ, അഭിഷിക്ത, സമർപ്പിത ദൈവവിളികൾ-ഈ ലോകത്തിനും തന്റെ മക്കളിൽ ഓരോരുത്തർക്കും ദൈവം നൽകുന്ന പ്രത്യാശയുടെ അടയാളങ്ങളാണ്.

ഒട്ടേറെ യുവതീയുവാക്കന്മാർ തങ്ങളുടെ ദൃഷ്ടി ഭാവിയിലേക്ക് തിരിക്കുമ്പോൾ ഇക്കാലത്ത് ദുഃഖിതരാണ്. തങ്ങളുടെ തൊഴിൽ സാധ്യതയെക്കുറിച്ച് ചിന്തിക്കുമ്പോൾ പലപ്പോഴും അവർക്ക് അരക്ഷിതാവസ്ഥ അനുഭവപ്പെടുന്നു; ആഴത്തിലുള്ള സ്വത്വപ്രതിസന്ധിയും അവർക്കുണ്ടാകുന്നു; അത് അർഥത്തെയും മൂല്യങ്ങളെയും സംബന്ധിച്ച പ്രതിസന്ധിയാണ്; ആശയക്കുഴപ്പം സൃഷ്ടിക്കുന്ന ഡിജിറ്റൽ ലോകത്തിലെ സന്ദേശങ്ങൾ പ്രസ്തുത പ്രതിസന്ധി വർധിപ്പിക്കുന്നതേയുള്ളൂ. ദരിദ്രരോടും മുതലെടുക്കപ്പെടാവുന്നവരോടും (vulnerable) കാണിക്കുന്ന അനീതി, സ്വയം സംതൃപ്തവും സ്വയം കേന്ദ്രീകൃതവും ആയ ഒരു സമൂഹത്തിന്റെ നിസ്സംഗത, യുദ്ധത്തിന്റെ ക്രൂരത എന്നിവ യുവജനങ്ങൾ തങ്ങളുടെ ഹൃദയങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ജീവിതസാക്ഷാത്കാരത്തെ സംബന്ധിച്ച പ്രത്യാശയ്ക്കു ഭീഷണിയായി നിലകൊള്ളുന്നു. എന്നിരുന്നാലും, മനുഷ്യഹൃദയത്തെ അറിയുന്ന കർത്താവ് നമ്മുടെ അനിശ്ചിതാവസ്ഥയിൽ നമ്മെ ഉപേക്ഷിക്കുന്നില്ല. നമ്മൾ സ്നേ

ഹിക്കപ്പെട്ടവരും വിളിക്കപ്പെട്ടവരും പ്രത്യാശയുടെ തീർത്ഥാടകരായി അയയ്ക്കപ്പെട്ടവരും ആണെന്നു നാം അറിയണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു.

സഭയുടെ മുതിർന്ന അംഗങ്ങളായ നാം, പ്രത്യേകിച്ച് പുരോഹിതർ, യുവജനങ്ങളുടെ വിളിയുടെ പാതയിൽ അവരെ അംഗീകരിക്കാനും അത് വിവേചിച്ചറിയാനും അവരെ അനുഗമനം ചെയ്യാനും വിളിക്കപ്പെട്ടിരിക്കുന്നു. യുവജനങ്ങളായ നിങ്ങൾ, നിങ്ങളുടെ ഭാഗത്തുനിന്ന് ആ പാതയിൽ ഇറങ്ങിത്തിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു; അത് പരിശുദ്ധാത്മാവിനോടൊപ്പമാണ് നടത്തേണ്ടത്; അവിടന്നാണ് നിങ്ങളുടെ ജീവിതങ്ങൾ സ്നേഹത്തിന്റെ സമ്മാനങ്ങൾ ആക്കാനുള്ള ആഗ്രഹം നിങ്ങളിൽ ജനിപ്പിക്കുന്നത്.

**നമ്മുടെ പ്രത്യേകവിളി ആശ്ലേഷിക്കുന്നത്**

പ്രിയ യുവജനമേ, "നിങ്ങളുടെ യൗവനം ഒരു 'ഇടക്കാല വേള' അല്ല. നിങ്ങൾ ദൈവത്തിന്റെ 'ഇപ്പോൾ' ആണ്" (*ക്രിസ്തു ജീവിക്കുന്നു* [*Christus Vivit*], 178). ജീവൻ എന്ന ദാനം ഉദാരവും വിശ്വസ്തവുമായ ഒരു പ്രത്യുത്തരം ആവശ്യപ്പെടുന്നു എന്നു മനസ്സിലാക്കുക. കർത്താവിന്റെ വിളിയോടു സന്തോഷപൂർവം പ്രത്യുത്തരിച്ച യുവ വിശുദ്ധരെയും വാഴ്ത്തപ്പെട്ടവരെയും നോക്കുക. ഉദാഹരണത്തിന്, ലീമായിലെ വിശുദ്ധ റോസാ, വിശുദ്ധ ഡോമിനിക് സാവിയോ, വിശുദ്ധ കൊച്ചുത്രേസ്യ, വ്യാകുലമാതാവിന്റെ വിശുദ്ധ ഗബ്രിയേൽ, വിശുദ്ധരായി ഉടനെ പ്രഖ്യാപിക്കപ്പെടുന്ന കാർലോ അക്കൂത്തീസ്, പിയർ ജോർജോ ഫ്രസാത്തി എന്നിവർ ഉൾപ്പെടെയുള്ളവരെ. ഉത്ഥിതനായ നാഥനുമായുള്ള തങ്ങളുടെ സൗഹൃദം വഴിയായി അവർക്കു തങ്ങളുടെ ദൈവവിളി യഥാർഥ സന്തോഷത്തിലേക്കുള്ള പാതയായി അനുഭവപ്പെട്ടു. യേശുവിന്റെ വചനങ്ങൾ നാം കേൾക്കുമ്പോഴെല്ലാം നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കും (ലൂക്കാ 24:32 കാണുക). അപ്പോൾ നമുക്ക് നമ്മുടെ ജീവിതങ്ങൾ ദൈവത്തിനായി സമർപ്പിക്കാനുള്ള ആഗ്രഹം ജനിക്കുന്നു. സ്വാഭാവികമായും, നമ്മെ അവിടന്ന് ആദ്യം സ്നേഹിച്ച സ്നേഹത്തിനു പ്രതിസ്നേഹം നൽകാൻ ഏറ്റവും അനുയോജ്യമായ ജീവിതപന്ഥാവ് നാം ആഗ്രഹിക്കുന്നു.

ഹൃദയത്തിന്റെ ആഴങ്ങളിൽ ഒരിക്കൽ തിരിച്ചറിയപ്പെട്ടു കഴിഞ്ഞാൽ, ഓരോ ദൈവവിളിയും സ്നേഹിക്കാനും ശുശ്രൂഷിക്കാനുമുള്ള പ്രചോദനം നൽകുന്നു; അത് സ്വയം അഭിവൃദ്ധിപ്പെടുത്താനുള്ള മാർഗമായിരിക്കില്ല, മറിച്ച് പ്രത്യാശയുടെയും സ്നേഹത്തിന്റെയും പ്രകാശനമായിട്ടായിരിക്കും അനുഭവപ്പെടുന്നത്. ഓരോ സ്ത്രീയുടെയും പുരുഷന്റെയും ആനന്ദത്തിനായുള്ള ദൈവത്തിന്റെ പദ്ധതിയോടു ചേർന്നുപോകുന്നതാണ് ദൈവവിളിയും പ്രത്യാശയും; അതിൽ ഓരോരുത്തരും തങ്ങളുടെ ജീവിതങ്ങൾ അന്യർക്കുവേണ്ടി നൽകാനായി പേരുചൊല്ലി വിളിക്കപ്പെട്ടവരാണ് (*സുവിശേഷത്തിന്റെ സന്തോഷം* [Evangelii Gaudium], 268 കാണുക). ഏതു പാത സ്വീകരിക്കാനാണ് ദൈവം തങ്ങളെ വിളിക്കുന്നതെന്ന് അറിയാൻ വളരെയേറെ യുവതീയുവാക്കന്മാർ ആഗ്രഹിക്കുന്നു. വൈദിക ശുശ്രൂഷയിലേക്കും സമർപ്പിതജീവിതത്തിലേക്കും തങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു എന്നു ചിലപ്പോഴെങ്കിലും ചിലർ ആശ്ചര്യകരമാംവിധം കണ്ടെത്തുന്നു. മറ്റുചിലർ വിവാഹത്തിലേക്കും കുടുംബജീവിതത്തിലേക്കുമുള്ള വിളിയുടെ സൗകുമാര്യത കണ്ടെത്തുന്നു; അതായത്, പൊതുനന്മയ്ക്കും തങ്ങളുടെ സുഹൃത്തുക്കൾക്കും പരിചയക്കാർക്കും ഇടയിൽ വിശ്വാസത്തിന്റെ ജീവിതത്തിനു വേണ്ടിയുള്ള സാക്ഷ്യംനൽകാനുള്ള വിളി.

ദൈവത്തിന്റെ പരിപാലനയിൽ ഊന്നിനിന്നുകൊണ്ടുള്ള പ്രത്യാശയാൽ പ്രചോദിതമാണ് ഓരോ ദൈവവിളിയും. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പ്രത്യാശ എന്നത് കേവലം മാനുഷികമായ ശുഭാപ്തി വിശ്വാസത്തിനും ഉപരിയാണ്: നമ്മുടെ ഓരോരുത്തരുടെയും ജീവിതങ്ങളിൽ പ്രവർത്തനനിരതമായിരിക്കുന്ന ദൈവത്തിലുള്ള വിശ്വാസത്തിന്റെ സുനിശ്ചിതത്വത്തിലാണ് അത് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. സുവിശേഷത്തോടു വിശ്വസ്തമായിരിക്കാനുള്ള ദൈനംദിനമുള്ള ശ്രമവും പ്രാർഥനയും വിവേചിച്ചറിയലും ശുശ്രൂഷയുംവഴിയാണ് ദൈവവിളികൾ പരിപക്വമാകുന്നത്.

പ്രിയപ്പെട്ട യുവസുഹൃത്തുക്കളേ, ദൈവത്തിലുള്ള പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. എന്തെന്നാൽ, തങ്ങളുടെ ജീവിതങ്ങൾ അവിടത്തെ കരങ്ങളിൽ ഭരമേല്പിച്ചവരുടെ ഓരോ കാൽവെപ്പിലും അവിടന്ന് അവരെ അനുഗമനം ചെയ്യുന്നു. ധൈര്യപൂർവം തങ്ങളുടെ

ജീവിതങ്ങൾ ക്രിസ്തുവിനു സമർപ്പിക്കുന്നവരും അങ്ങനെ ശിഷ്യരും പ്രേഷിതരും ആയിരിക്കുന്നതിൽ സന്തോഷിക്കുകയും ചെയ്യുന്ന പ്രത്യാശയുടെ തീർഥാടകരായ യുവജനങ്ങളെ നമ്മുടെ ലോകത്തിന് ആവശ്യമുണ്ട്.

**നമ്മുടെ ദൈവവിളിയുടെ പാത വിവേചിച്ചറിയുന്നത്**

വിവേചിച്ചറിയലിന്റെ ഒരു സഞ്ചാരത്തിന്റെ അനന്തരഫലമായി ട്ടാണ് നമ്മുടെ ദൈവവിളി നാം കണ്ടെത്തുന്നത്. എന്നാൽ, ആ സ ഞ്ചാരം ഒറ്റയ്ക്കുള്ള ഒന്നല്ല; അത് വികസിതമാകുന്നത് ഒരു ക്രൈ സ്തവ സമൂഹത്തിലാണ്; ആകയാൽ അത് ആ ക്രൈസ്തവസമൂഹ ത്തിന്റെ ഭാഗമാണ്.

പ്രിയ സുഹൃത്തുക്കളേ, തിടുക്കത്തിൽ തീരുമാനങ്ങൾ എടു ക്കാൻ ലോകം നിങ്ങളെ പ്രേരിപ്പിക്കുന്നു; നിങ്ങളുടെ ഹൃദയത്തോടു സംസാരിക്കുന്ന ദൈവത്തോടു തുറന്നിരിക്കുന്ന നിശബ്ദത അനു ഭവിക്കുന്നതിൽനിന്നു നിരന്തരമുള്ള ഗർജനംവഴി നിങ്ങൾ തടസ്സപ്പെടു ത്തപ്പെടുന്നു. എന്നാൽ, അല്പനേരം വിരാമം ഇടാൻ ധൈര്യപ്പെടുക; അത് നിങ്ങളുടെ ഹൃദയം നിങ്ങളോട് എന്തു പറയുന്നു എന്നു കേൾ ക്കാനും ദൈവത്തിനു നിങ്ങളെക്കുറിച്ചുള്ള സ്വപ്നം എന്താണെന്ന് മനസ്സിലാക്കാനും ആണ്. പ്രാർത്ഥനയിലെ നിശബ്ദത അനിവാര്യ മാണ്; നമ്മുടെ ജീവിതങ്ങളുടെ പ്രത്യേക സാഹചര്യങ്ങളുടെ മധ്യേ ദൈവത്തിന്റെ വിളികേൾക്കാൻ പഠിക്കാനും അതിനു ബോധപൂർവ വും സ്വതന്ത്രവുമായ രീതിയിൽ പ്രത്യുത്തരം നൽകാനും പ്രാർഥന യുടെ നിശബ്ദത അനിവാര്യമാണ്.

നമുക്കെല്ലാവർക്കും പ്രത്യാശയുടെ തീർഥാടകർ ആയിത്തീരാൻ സാധിക്കുമെന്ന് പ്രാർഥനാപൂർവമായ ധ്യാനം നമുക്കു മനസ്സിലാക്കി ത്തരുന്നു; അത് സാധ്യമാകുന്നത് നാം നമ്മുടെ ജീവിതങ്ങളെ ഒരു ദാനമായി സമർപ്പിക്കുമ്പോഴാണ്; അതായത്, ലോകത്തിന്റെ ഭൗതി കവും അസ്തിത്വപരവുമായ പ്രാന്തപ്രദേശങ്ങളിൽ വസിക്കുന്നവരായ വരുടെ ശുശ്രൂഷയ്ക്കായി നാം നമ്മെത്തന്നെ എല്ലാറ്റിനും ഉപരിയായി പ്രതിഷ്ഠിക്കുമ്പോൾ. ഒഴിവാക്കപ്പെട്ടവരും മുറിവേറ്റവരും തിരസ്കൃതരു മായി അനുഭവപ്പെടുന്ന നമ്മുടെ ഒട്ടനവധി സഹോദരീസഹോദര ന്മാരുടെ രോദനം കേട്ടില്ലെന്നു നടിക്കാൻ ദൈവത്തിന്റെ വിളികേൾ

ക്കുന്നവർക്കാവില്ല. എവിടെയൊക്കെ പ്രകാശവും സമാശ്വാസവും ഏറ്റവും ആവശ്യം ആയിരിക്കുന്നുവോ അവിടെയൊക്കെ ക്രിസ്തുവിന്റെ സാന്നിധ്യമായി മാറുക എന്ന നമ്മുടെ ദൗത്യത്തിൽ നമ്മുടെ വിളി നമ്മെ ഉറപ്പിച്ചുനിർത്തുന്നു. വളരെ സവിശേഷമായ വിധത്തിൽ, തങ്ങളുടെ സാമൂഹികവും ഉദ്യോഗപരവുമായ പ്രതിജ്ഞാബദ്ധത വഴിയായി ദൈവരാജ്യത്തിന്റെ "ഉപ്പും പ്രകാശവും പുളിമാവും" ആകാൻ അല്മായവിശ്വാസികൾ വിളിക്കപ്പെട്ടിരിക്കുന്നു.

**ദൈവവിളികളെ അനുഗമനം ചെയ്യുന്നത്**

അതിനാൽ, അജപാലകരും ദൈവവിളി നിയന്താക്കളും (vocation directors), ഏറെ പ്രത്യേകിച്ച് ആദ്ധ്യാത്മിക ഗുരുക്കൾ, താല്പര്യപൂർവം യുവജനങ്ങളെ പ്രത്യാശയിലും ക്ഷമയിലും ആശ്രയബോധത്തിലും അനുഗമനം ചെയ്യണം; അത് ദൈവത്തിന്റെതന്നെ ബോധനവിദ്യ (pedagogy) പ്രതിഫലിപ്പിക്കുന്ന ഒരു രീതിയായിരിക്കും. അവരെ ആദരപൂർവവും സഹിഷ്ണുതയോടും ശ്രവിക്കുന്നതിന് അവർ തയ്യാറായിരിക്കണം. അവർ വിശ്വാസമർപ്പിക്കാൻ കഴിയുന്നവരും ജ്ഞാനികളും സഹായികളായ നിയന്താക്കളും തങ്ങളുടെ സഞ്ചാരത്തിൽ ദൈവത്തിന്റെ സാന്നിധ്യത്തിന്റെ അടയാളങ്ങൾ എപ്പോഴും തിരിച്ചറിയാൻ കഴിവുള്ളവരുമായി യുവജനങ്ങൾക്കു അവരെക്കുറിച്ചു തോന്നേണ്ടിയിരിക്കുന്നു.

മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രവർത്തന മേഖലകളിലുമുള്ള ദൈവവിളികളെ പരിപോഷിപ്പിക്കാനായി എല്ലാത്തരം ശ്രമങ്ങളും കൈക്കൊള്ളണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു; അങ്ങനെ കർത്താവിന്റെ ശബ്ദത്തോട് ആത്മീയമായ തുറവു കാട്ടാൻ വ്യക്തികൾ സഹായിക്കപ്പെടണം. അതിനാൽ, വിദ്യാഭ്യാസപരവും അജപാലനപരവുമായ പദ്ധതി തയ്യാറാക്കുമ്പോൾ ദൈവവിളികളെ അനുഗമനം ചെയ്യാൻ അനുയുക്തമായ നടപടിക്രമങ്ങൾ ഉൾചേർക്കേണ്ടത് അനിവാര്യമാണ്.

ആത്മവിശ്വാസത്തോടും പ്രത്യാശയോടും കൂടെ കർത്താവിനോട് "അതേ" എന്നു പറയാൻ കഴിവുള്ള അജപാലകരെയും സമർപ്പിതരെയും പ്രേഷിതരെയും വിവാഹിതരെയും സഭയ്ക്ക് ആവശ്യമുണ്ട്. ഒരു ദൈവവിളി എന്നത് ഹൃദയത്തിന്റെ അഗാധത്തിൽ സൂക്ഷിച്ചു

വച്ചിരിക്കേണ്ട ഒരു നിധിയല്ല; മറിച്ച് വിശ്വസിക്കുകയും സ്നേഹിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്ന ഒരു സഭാസമൂഹത്തിൽ അത് വളരുകയും ബലപ്പെടുത്തപ്പെടുകയും ചെയ്യുന്നു. ഒരാൾക്കും ഒറ്റയ്ക്ക് ദൈവത്തിന്റെ വിളിയോടു പ്രത്യുത്തരിക്കാനാവില്ല; എന്തെന്നാൽ നമുക്കെല്ലാവർക്കും നമ്മുടെ സഹോദരീ സഹോദരന്മാരുടെ പ്രാർഥനയും പിന്തുണയും ആവശ്യമാണ്.

പ്രിയപ്പെട്ടവരേ, സഭ പുതിയ ദൈവവിളികൾക്ക് ജന്മം നൽകുമ്പോൾ അവൾ സജീവവും ഫലദായകവും ആണ്. പലപ്പോഴും നമ്മുടെ ലോകം, അത് അറിയാതെതന്നെ, പ്രത്യാശയുടെ സാക്ഷികളെ അന്വേഷിക്കുന്നു; ക്രിസ്തുവിനെ അനുഗമിക്കുന്നത് യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടം ആണെന്ന് അപ്രകാരം ഉള്ളവർ തങ്ങളുടെ ജീവിതങ്ങൾവഴി പ്രഘോഷിക്കുന്നു. അതിനാൽ, തന്റെ വിളവിലേക്ക് പുതിയ ജോലിക്കാരെ അയയ്ക്കണമേ എന്നു കർത്താവിനോട് അപേക്ഷിക്കുന്നതിൽ നാം ക്ഷീണിതരാകരുത്; വലിയ സ്നേഹത്തോടെ അവിടന്ന് തുടർന്നും അവരെ വിളിച്ചുകൊണ്ടിരിക്കുന്നു. പ്രിയപ്പെട്ട യുവജനങ്ങളേ, കർത്താവിനെ പിഞ്ചെല്ലാനുള്ള നിങ്ങളുടെ ശ്രമങ്ങളെ ഞാൻ സഭയുടെ മാതാവും ദൈവവിളികളുടെ മാതാവും ആയ മറിയത്തിന്റെ മാധ്യസ്ഥ്യത്തിനു ഭരമേല്പിക്കുന്നു. സുവിശേഷത്തിന്റെ പാതയിൽ പ്രത്യാശയുടെ തീർഥാടകരായി മുന്നേറിക്കൊണ്ടിരിക്കുക. എന്റെ ആശീർവാദവുമായി ഞാൻ നിങ്ങളെ അനുധാവനം ചെയ്യുന്നു; നിങ്ങൾ എനിക്കുവേണ്ടികൂടെ പ്രാർഥിക്കുക.

ജെമല്ലി ആശുപത്രി, റോമാ, മാർച്ച് 19, 2025

**ഫ്രാൻസിസ് പാപ്പാ**

# സർക്കുലർ

## ഫ്രാൻസിസ് മാർപാപ്പ: ലോകത്തിന്റെയും സഭയുടെയും മുഖച്ഛായ മാറ്റിയ വിശുദ്ധ വ്യക്തിത്വം

മിശിഹായിൽ പ്രിയ വൈദികരെ, സന്യസ്തരെ, അല്മായ സഹോദരങ്ങളെ,

പത്രോസിന്റെ പിൻഗാമിയും സാർവത്രിക സഭയുടെ തലവനും, വിശ്വാസത്തിന്റെയും കരുണയുടെയും ആൾരൂപവുമായിരുന്ന ഫ്രാൻസിസ് മാർപാപ്പയുടെ വേർപാടിന്റെ വാർത്ത ലോകം മുഴുവനെയും ദുഃഖത്തിലാഴ്ത്തിയിരിക്കുകയാണ്. ഉയിർപ്പ് തിരുനാളിന്റെ സന്തോഷത്തിൽ കഴിഞ്ഞിരുന്ന ലോകം ഞെട്ടലോടെയാണ് ഫ്രാൻസിസ് പാപ്പയുടെ വേർപാടിന്റെ വാർത്ത ശ്രവിച്ചത്; മാർപാപ്പയുടെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

ലോകത്തിന്റെയും സഭയുടെയും മുഖച്ഛായ മാറ്റിയ അതുല്യ വ്യക്തിത്വമായിരുന്നു ഫ്രാൻസിസ് മാർപാപ്പ. വിശ്വാസ സത്യങ്ങളും സഭയുടെ പ്രബോധനങ്ങളും സാധാരണ മനുഷ്യന്റെ ജീവിതത്തിൽ പകർന്നു നൽകിയ മാർപാപ്പയുടെ സമീപനം ലോകം മുഴുവൻ ആദരവോടെയാണ് വീക്ഷിച്ചിരുന്നത്. ലോകസമാധാനത്തിന്റെ വക്താവായിരുന്നു ഫ്രാൻസിസ് പാപ്പ. വ്യക്തിജീവിതങ്ങളിൽ ആരംഭിച്ച് കുടുംബങ്ങളിൽ വളർന്ന് സഭയിലേക്കും സമൂഹത്തിലേക്കും പടരുന്ന സമാധാനത്തിന്റെ ദൈവികഭാവം അദ്ദേഹം മരണം വരെയും ജീവിതംകൊണ്ട് പ്രഘോഷിച്ചു. ദൈവം നൽകിയ വലിയ സമ്മാനമാണ് ലോകമെന്നും, ഭൂമി നമ്മുടെ പൊതുഭവനം ആണെന്നും ഉള്ള മാർപാപ്പയുടെ ദർശനം ലോകശ്രദ്ധ ആകർഷിച്ചു. ഭൂമിയുടെ സമ്പത്ത് വരുംതലമുറയ്ക്ക്കൂടി നൽകാനുള്ളതാണെന്നും നാം കേവലം സംരക്ഷകർ മാത്രമാണെന്നുമുള്ള കാഴ്ചപ്പാട് 'ലൗദാത്തോ സി' എന്ന ചാക്രിക ലേഖനത്തിലൂടെ ലോകം മുഴുവനെയും അദ്ദേഹം പഠിപ്പിച്ചു 'ഫ്രത്തെല്ലി തൂത്തി' (നാം സഹോദരർ) എന്ന ചാക്രിക ലേഖനത്തിലൂടെ വിശ്വസാഹോദര്യത്തിന്റെ ക്രൈസ്തവസന്ദേശം അദ്ദേഹം പകർന്നു നൽകി. ദൈവം നമ്മുടെ പിതാവാണെന്നും നാം ദൈവമക്കളും പരസ്പരം സഹോദരങ്ങളുമാണ് എന്ന ചിന്ത അനേകായിരങ്ങൾക്ക് പ്രചോദനമായി. ആരും മാറ്റിനിർത്തപ്പെടേണ്ടവരല്ല എന്ന കാരുണ്യ ഭാവം ജീ

വിതത്തിലുടനീളം അദ്ദേഹം സൂക്ഷിച്ചു. രോഗികൾ, സാമ്പത്തിക ക്ലേശങ്ങളിൽ കഴിയുന്നവർ, മാനസിക വെല്ലുവിളി നേരിടുന്നവർ, അഭയാർത്ഥികൾ, അനാഥർ, ജയിൽ വാസികൾ എന്നിവരെയെല്ലാം മാർപാപ്പ സ്നേഹത്തോടും ആർദ്രതയോടും കൂടെ ചേർത്ത് നിർത്തി. ആരും ദൈവസ്നേഹവലയത്തിൽ നിന്ന് പുറത്തല്ല എന്ന് പഠിപ്പിച്ചും ജീവിച്ചും അദ്ദേഹം നമുക്ക് മാതൃകയായി. സ്നേഹശൂന്യമായ പ്രവൃത്തികൾ വർജ്ജിക്കണമെന്ന് ആവേശത്തോടെ അദ്ദേഹം പ്രബോധിപ്പിച്ചു. യുദ്ധവും അക്രമവും മനുഷ്യരാശിയെ തകർത്തു കളയും എന്ന് ലോകത്തോട് പറയുമ്പോഴുള്ള മാർപാപ്പയുടെ ധൈര്യം ഏവർക്കും പ്രത്യാശ നൽകി.

സഭയുടെ കരുണയുടെ മുഖം ലോകം തിരിച്ചറിയണം എന്ന് അതിയായ ആഗ്രഹം അദ്ദേഹത്തിന് ഉണ്ടായിരുന്നു. സഭാശുശ്രൂഷയുടെ തലങ്ങളിൽ കാരുണ്യം പ്രകടിപ്പിക്കേണ്ടിടത്ത് അളവില്ലാതെ അദ്ദേഹം കാരുണ്യവാനായി. സഭയുടെ മുഖച്ഛായ കൂടുതൽ നന്മ നിറഞ്ഞതായി പ്രശോഭിക്കുവാൻ കാർക്കശ്യം ആവശ്യമുള്ളിടത്ത് നീതിപൂർവ്വകമായ കാർക്കശ്യം കാണിക്കാൻ അദ്ദേഹം മടി കാണിച്ചില്ല.

ഈശോയുടെ പരസ്യജീവിതം എങ്ങനെയായിരുന്നോ അത് ഈ കാലഘട്ടത്തിൽ ലോകത്തിന് കാണിച്ചു കൊടുക്കാൻ അദ്ദേഹത്തിന് സാധിച്ചു. വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തം അദ്ദേഹത്തിന്റെ വിശ്വാസ്യതയും സ്വീകാര്യതയും വർധിപ്പിച്ചു. സഭയുടെ വ്യവസ്ഥാപിത പ്രവർത്തനശൈലിയെ, അടിസ്ഥാന പ്രബോധനങ്ങളിൽ നിന്ന് വഴിമാറാതെ അദ്ദേഹം പുനർക്രമീകരിച്ചു. ധാർമിക നിലപാടുകൾ, മനുഷ്യന്റെ മഹത്വം, പരിസ്ഥിതി സംരക്ഷണം, സാമ്പത്തിക ചൂഷണത്തോടുള്ള സമീപനം, ഇതര ക്രൈസ്തവരോടും, മറ്റു മതങ്ങളോടുള്ള സമീപന രീതി എന്നിവയിലെല്ലാം ഫ്രാൻസിസ് മാർപാപ്പ നവീനമായ ഒരു ശൈലിയാണ് സ്വീകരിച്ചിരുന്നത്.

സീറോ മലബാർ സഭയുടെ സ്നേഹിതനായിരുന്നു പരിശുദ്ധ പിതാവ്. നമ്മുടെ സഭയ്ക്ക് ഇന്ത്യ മുഴുവനും സുവിശേഷം പ്രഘോഷിക്കാനുള്ള ഔദ്യോഗിക അംഗീകാരം നൽകിയതും, ഭാരതത്തിന് പുറത്ത് ഗ്രേറ്റ് ബ്രിട്ടൻ, ഓസ്ട്രേലിയ, കാനഡ എന്നിവിടങ്ങളിൽ രൂപതകൾ അനുവദിച്ചതും അദ്ദേഹമാണ്. കൂടാതെ പ്രവാസികളായ സീറോ മലബാർ സഭാംഗങ്ങൾക്കായി മറ്റ് പല രാജ്യങ്ങളിലും പ്രത്യേകമായി

ഗൾഫ് മേഖലയിലും അദ്ദേഹം നടത്തിയ സവിശേഷ ഇടപെടലുകൾ നന്ദിപൂർവം നമുക്ക് ഓർക്കാം.

നമ്മുടെ രൂപതയോടും എന്നോടും പരിശുദ്ധ പിതാവ് കാണിച്ചിരുന്ന സ്നേഹവും പരിഗണനയും നന്ദിയോടെ ഓർക്കുന്നു.'ആദ് ലിമിന' സന്ദർശനാവസരത്തിൽ അദ്ദേഹത്തോട് വ്യക്തിപരമായി സംസാരിച്ച അവസരത്തിൽ, നമ്മുടെ രൂപതയിലെ വൈദികരും സന്യസ്തരും അല്മായസഹോദരങ്ങളും ഒരു മനസ്സോടെ പ്രവർത്തിക്കുന്നു എന്ന് പറഞ്ഞപ്പോൾ, അദ്ദേഹം അഭിനന്ദിച്ചതും രൂപതയ്ക്ക് പ്രാർത്ഥന വാഗ്ദാനം ചെയ്തതും അനുസ്മരിക്കുകയാണ്.

വിശുദ്ധ തോമാശ്ലീഹായുടെ വിശ്വാസപ്രഘോഷണം അനുസ്മരിച്ച് നാമിന്ന് പുതുഞ്ഞായർ ആചരിക്കുന്നു. കർത്താവിന്റെ ഹൃദയത്തിൽ നിന്ന് പുറപ്പെടുന്ന കരുണയുടെ ഭാവം ആദ്യം തിരിച്ചറിഞ്ഞതും മനസ്സിലാക്കിയതും ആത്മീയ സന്തോഷത്തിൽ 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് വിളിച്ചതും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായാണ് എന്നത് അഭിമാനത്തോടെ നമുക്ക് ഓർക്കാം. ഈശോയുടെ തിരുവിലാവിൽ നിന്ന് പുറപ്പെടുന്ന കരുണയും സ്നേഹവും സ്വീകരിച്ച തോമാശ്ലീഹായുടെ ഓർമ്മയായ പുതുഞ്ഞായറും, വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ പ്രഖ്യാപിച്ച ദൈവകരുണയുടെ തിരുനാളും ഒരേ ദിവസം തന്നെ ആഘോഷിക്കാൻ സാധിക്കുന്നത് ദൈവികമായ ഒരു പദ്ധതിയാണ് എന്ന തിരിച്ചറിവോടെ ഈ രണ്ട് തിരുനാളുകളെയും നമുക്ക് സമീപിക്കാം. ഈ തിരുനാളുകളുടെ ആചരണം വഴി നമ്മുടെ ജീവിത നവീകരണവും കുടുംബ വിശുദ്ധീകരണവും സഭയുടെ നന്മയും സാധ്യമാകട്ടെ.

പ്രത്യാശയുടെ തീർത്ഥാടകനായിരുന്ന പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയെ അനുസ്മരിക്കുന്ന ഈ ദിനങ്ങളിൽ നമുക്കും പ്രത്യാശാനിർഭരരാകാം. എല്ലാവർക്കും പുതു ഞായറിന്റെയും, ദൈവകരുണയുടെ തിരുനാളിന്റെയും മംഗളങ്ങൾ നേരുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ വിശുദ്ധമായ ഓർമ്മയ്ക്ക് മുൻപിൽ ആദരാഞ്ജലി അർപ്പിക്കുന്നു; അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കുന്നു; അദ്ദേഹത്തോടും നമുക്ക് പ്രാർത്ഥിക്കാം.

എന്ന്,

ഏപ്രിൽ 26, 2025 — **മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം — കോതമംഗലം രൂപതാധ്യക്ഷൻ

# കൃതജ്ഞത

ഈശോയിൽ സ്നേഹം നിറഞ്ഞ വൈദികരെ, സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരെ, പ്രിയപ്പെട്ട കുഞ്ഞുങ്ങളെ,

നമ്മുടെ രൂപതയുടെ ചരിത്രത്തിലെ അവിസ്മരണീയമായ പതിനാല് ദിവസങ്ങളാണ് കടന്നുപോയത്. വിശുദ്ധ കുർബാനയ്ക്കെതിരെ സംഭവിച്ചിട്ടുള്ള അവഹേളനങ്ങൾക്ക് പരിഹാരം അനുഷ്ഠിക്കുക, വ്യക്തി ജീവിതങ്ങളിലും കുടുംബങ്ങളിലും ആത്മാഭിഷേകം നിറയുക, മദ്യവും മയക്കുമരുന്നും ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വ്യാപനത്തിൽ നിന്നും തിന്മയുടെ സ്വാധീനങ്ങളിൽ നിന്നും സമൂഹം മോചിതമാവുക എന്നീ മൂന്ന് ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് സഭ ജൂബിലി ആഘോഷിക്കുന്ന 2025 ൽ ദിവ്യകാരുണ്യപ്രയാണം രൂപത മുഴുവൻ സംഘടിപ്പിക്കാൻ തീരുമാനിച്ചത്. ഈശോയെയും സംവഹിച്ച് രൂപത മുഴുവനും നടത്തിയ ദിവ്യകാരുണ്യ പ്രയാണം മാർച്ച് 27 ന് കരിമണ്ണൂർ ഫൊറോനയിലെ ഉപ്പുകുന്ന് പള്ളിയിൽ ആരംഭിച്ച് ഏപ്രിൽ 11 ന് കത്തീഡ്രൽ പള്ളിയിൽ സമാപിച്ചു. ഈ ദിനങ്ങളിൽ ദിവ്യകാരുണ്യ ഈശോ കടന്നുവന്ന നൂറിലധികം ഇടവകകളിലും ധാരാളം സന്യാസ ഭവനങ്ങളിലും സ്ഥാപനങ്ങളിലും മാതൃകാപരമായ ഒരുക്കങ്ങളും ക്രമീകരണങ്ങളുമാണ് നടത്തിയിരുന്നത് എന്നുള്ളത് സന്തോഷകരമാണ്. നമ്മുടെ ദൈവം ജീവിക്കുന്ന ദൈവമാണെന്നും അവിടുന്ന് നമ്മുടെ കൂടെയുണ്ടെന്നുമുള്ള വിശ്വാസ ബോധ്യത്തിൽ ആഴപ്പെടാൻ ഈ ദിനങ്ങൾ സഹായകരമായി. നമ്മുടെ പ്രതിസന്ധികളിലും ബുദ്ധിമുട്ടുകളിലും ദിവ്യകാരുണ്യനാഥൻ അവിടുത്തെ സംരക്ഷണവും സാന്നിധ്യവും ഉറപ്പുനൽകുകയായിരുന്നു. ഏക രക്ഷകനും നാഥനുമായ ഈശോ പരസ്യ ജീവിതകാലത്ത് ധാരാളം പേരെ ആശീർവദിച്ച് കടന്നുപോയത് പോലെ അവിടുന്ന് നമ്മുടെ രൂപതാ കുടുംബത്തെയും ഈ ദിനങ്ങളിൽ സവിശേഷമായി ആശീർവദിച്ച് അനുഗ്രഹിച്ചു. ദിവ്യകാരുണ്യ ഈശോയ്ക്ക് നമുക്ക് ഒരുമിച്ച് നന്ദി പറയാം. ധാരാളം പേരുടെ കഠിനാധ്വാനവും ദിവ്യകാരുണ്യ ഈശോയോ ടുള്ള സ്നേഹവുമാണ് നമ്മുടെ ഈ പുണ്യയാത്ര ഇത്രമാത്രം ദൈവാനുഗ്രഹം നിറഞ്ഞതാക്കിയത്. കഴിഞ്ഞ പതിനാല് ദിവസങ്ങളിൽ പലവിധത്തിൽ ഈ ഉദ്യമത്തോട് സഹകരിച്ച എല്ലാവരെയും നന്ദിപൂർവം ഓർക്കുകയാണ്. ദിവ്യകാരുണ്യ പ്രയാണത്തിന്റെ ഒരുക്കങ്ങൾ സംബന്ധിച്ച്

മാർഗനിർദ്ദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട ജനറാൾ അച്ചൻമാരെ നന്ദിയോടെ ഓർക്കുന്നു. ദിവ്യകാരുണ്യ പ്രയാണത്തിന്റെ ആദ്യ ദിനം മുതൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ ബഹു. ചാൻസിലർ അച്ചനും ബഹു. സെബാസ്റ്റ്യൻ നെടുംപുറത്ത് അച്ചനും നന്ദി പറയുന്നു.

14 ഫൊറോനകൾ കേന്ദ്രീകരിച്ച് നടന്ന ദിവ്യകാരുണ്യ പ്രയാണത്തിൽ ബഹുമാനപ്പെട്ട ഫൊറോന വികാരിയച്ചന്മാരുടെ ആത്മാർത്ഥമായ സഹകരണത്തിനും നേതൃത്വത്തിനും നന്ദി അറിയിക്കുകയാണ്. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും ദിവ്യകാരുണ്യ പ്രയാണം എത്തി. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഈശോയെ സ്വീകരിക്കാൻ ഓരോ ഇടവകയിലും വിപുലമായ ഒരുക്കങ്ങളാണ് നടത്തിയിരുന്നത്. വിശുദ്ധ കുർബാനയാണ് വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാനം എന്നത് ദൈവജനത്തിന്റെ മനസ്സിൽ കൂടുതൽ ശക്തമായി ആഴപ്പെടാൻ ഓരോ ഇടവകയിലെയും ക്രമീകരണങ്ങൾ സഹായകമായി. ബഹുമാനപ്പെട്ട അച്ചന്മാർക്ക് സന്തോഷത്തോടെ നന്ദി പറയുന്നു. ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സജീവമായ സാന്നിധ്യവും സഹകരണവും ദിവ്യകാരുണ്യ പ്രയാണത്തിൽ ഉടനീളം ദൃശ്യമായിരുന്നു. ഈശോയെയും കൊണ്ട് കടന്നുവന്ന വാഹനം പതിനാല് ദിവസവും അലങ്കരിക്കാനും ഭംഗിയാക്കാനും അവർ കാണിച്ച സന്മനസ്സും ശ്രദ്ധയും നന്ദിപൂർവം ഓർക്കുന്നു. ദൈവം അവരെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദിവ്യകാരുണ്യ പ്രയാണം കടന്നുവന്ന ഇടവകകളിലെ കൈക്കാരന്മാരെയും കമ്മിറ്റി അംഗങ്ങളെയും അഭിനന്ദിക്കുകയും നന്ദിയോടെ ഓർക്കുകയും ചെയ്യുകയാണ്. ദിവ്യകാരുണ്യ പ്രയാണം നടന്ന കഴിഞ്ഞ പതിനാല് ദിവസങ്ങളിലും കടന്നുവന്ന വാഹനങ്ങൾ നിയന്ത്രിച്ച പ്രിയപ്പെട്ട സഹോദരങ്ങളുടെ കഠിനാധ്വാനവും ആത്മാർത്ഥമായ സമർപ്പണവും നന്ദിയോടെ ഓർക്കുന്നു. ദിവ്യകാരുണ്യ പ്രയാണത്തോടൊപ്പം സഞ്ചരിച്ച് ഗാനങ്ങൾ ആലപിച്ച Hail Mary Music Band, വാർത്തകളും വീഡിയോകളും തയ്യാറാക്കി എല്ലാവരിലേക്കും എത്തിച്ച കാർലോ ടി.വി, മറ്റ് മാധ്യമ സുഹൃത്തുക്കൾ, സാങ്കേതിക സഹായങ്ങൾ നൽകിയവർ, എല്ലാവർക്കും നന്ദി.

രൂപത ഒരു കുടുംബം എന്ന ചിന്തയോടെ നാം ഒരുമിച്ചു നിന്നപ്പോഴാണ് ഈ ഉദ്യമം അനേകായിരങ്ങൾക്ക് ആത്മീയ അനുഭവമാ

യി തീർന്നത്. ദിവ്യകാരുണ്യ പ്രയാണത്തിലൂടെ നമുക്ക് ലഭിച്ച ആത്മീയ ഊർജ്ജവും അനുഗ്രഹങ്ങളും ജീവിത നവീകരണത്തിനും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനും കാരണമാകട്ടെ. കാരുണ്യവാനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

---

# 2025 ജൂബിലി വർഷ കർമ്മപദ്ധതി

സ്നേഹമുള്ളവരെ,

2025 ജൂബിലി വർഷ കർമ്മപദ്ധതികളുടെ ഭാഗമായി, മെയ് മാസത്തിൽ, കുട്ടികളെയും യുവജനങ്ങളെയും കേന്ദ്രീകരിച്ച് പ്രവർത്തിക്കുവാനാണല്ലോ നാം തീരുമാനിച്ചത്. അതനുസരിച്ച് ചെയ്യാവുന്ന ഏതാനും കാര്യങ്ങൾ ഏവരുടെയും ശ്രദ്ധയിൽ പെടുത്തുന്നു. ബന്ധപ്പെട്ടവർ അതിന് വേണ്ട കാര്യങ്ങൾ ക്രമീകരിക്കാൻ താല്പര്യപ്പെടുകയും ചെയ്യുന്നു.

1. നമ്മുടെ സ്കൂളുകളിൽ KCSL ന്റെയും, കോളേജുകളിൽ CSM ന്റെയും നേതൃത്വത്തിൽ ജാഗ്രത സമിതി രൂപപ്പെടുത്തുക.
2. നമ്മുടെ എല്ലാ ഇടവകകളിലും ഈ മാസത്തിലോ, സൗകര്യപ്രദമായ മറ്റേതെങ്കിലും മാസത്തിലോ സൺഡേ സ്കൂൾ കുട്ടികൾക്ക് വേണ്ടിയുള്ള ധ്യാനം നടത്തുക.
3. മിഷൻ ലീഗിന്റെയും സൺഡേ സ്കൂൾ ഡിപ്പാർട്മെന്റിന്റെയും ആഭിമുഖ്യത്തിൽ അൾത്താര ബാലന്മാരുടെ രൂപതാതല സമ്മേളനം നടത്തുക.
4. സൺഡേ സ്കൂൾ അധ്യാപകർ അവരവരുടെ വിദ്യാർത്ഥികളുടെ ഭവനങ്ങൾ സന്ദർശിക്കുക.
5. യുവജനങ്ങൾക്കായി രൂപതാ തലത്തിൽ പ്രഗൽഭരായ ധ്യാനഗുരുക്കളെ കൊണ്ട് വാർഷിക ധ്യാനവും കൗൺസലിംഗും നടത്തുക.
6. നമ്മുടെ എല്ലാ ഇടവകകളിലെയും യുവജനങ്ങളുടെ പേര് വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് തയ്യാറാക്കുക.
7. KCYMന്റെ ആഭിമുഖ്യത്തിൽ ഈ മാസത്തിലോ, സൗകര്യപ്രദമായ മറ്റേതെങ്കിലും മാസത്തിലോ രൂപത യുവജന സംഗമം നടത്തുക.

# രൂപതക്കച്ചേരി

### C. 41/2025 കൃതജ്ഞത

നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് തിരുന്നാൾ ആശംസകൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവർക്കും ഹൃദയപൂർവം നന്ദി പറയുന്നു.

*Bishop*

### C. 42/2025 മാതൃദിനം

മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് മാതൃദിനം. മാതൃത്വത്തിന്റെ മഹത്വത്തെപ്പറ്റി മാതാക്കളെ ബോധവതികളാക്കുന്നതിനും മക്കൾക്ക് അമ്മമാരോടുള്ള സ്നേഹബഹുമാനങ്ങൾ പ്രകടമാക്കുന്നതിനും യോജിച്ച വിധത്തിൽ പരിപാടികൾ ഇടവകയിൽ ആസൂത്രണം ചെയ്യുമല്ലോ.

*Bishop*

### C. 43/2025 വൈദികരുടെ സ്ഥലംമാറ്റം

നമ്മുടെ രൂപതയിലെ വൈദികരുടെ സ്ഥലംമാറ്റത്തിന്റെ ലിസ്റ്റ് 2025 മെയ് ആദ്യവാരം രൂപതാ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ബഹു. വികാരിയച്ചന്മാരും സ്ഥാപനങ്ങളിലുള്ളവരും മെയ് 17-ാം തീയതിയും കൊച്ചച്ചന്മാർ മെയ് 24-ാം തീയതിയും ചാർജ് എടുക്കേണ്ടതാണ്.

*Bishop*

### C.44/2025 രൂപതാദിനം

ഈ വർഷത്തെ രൂപതാദിനം നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിരുനാൾ ദിനമായ 2025 ജൂൺ 28 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് കാളിയാർ സെന്റ് റീത്താസ് ഫൊറോന ദൈവാലയത്തിൽ വച്ച് നടത്തുന്നു. ഉച്ചകഴിഞ്ഞ് 2.30-ന് അഭിവന്ദ്യപിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയോടെ ആരംഭിക്കുന്ന രൂപതാദിനാചരണത്തിൽ പരിശുദ്ധ കുർബാനയ്ക്കുശേഷം പൊതുസമ്മേളനം ഉണ്ടായിരിക്കും. ഓരോ ഇടവക

യിൽ നിന്നും കൈക്കാരന്മാർ ഉൾപ്പെടെ 5 പ്രതിനിധികൾ പങ്കെടുക്കാൻ താത്പര്യപ്പെടുന്നു. ഓരോ ഫൊറോനയിൽ നിന്നും പങ്കെടുക്കുന്നവരുടെ എണ്ണം ബഹു. ഫൊറോന വികാരിയച്ചന്മാർ മെയ് 30-നു മുമ്പ് ബഹു. പ്രൊക്കുറേറ്റർ അച്ചനെ അറിയിക്കേണ്ടതാണ്.

*Protosyncellus*

## *C. 45/2025* **മ്ശംശാനൂസ, ഹെവ്പ്പദ്യാക്ക്നൂസ, കാറോയൂസ പട്ടസ്വീകരണവും വൈദികവസ്ത്ര സ്വീകരണവും**

2025 ഏപ്രിൽ 12-ാം തീയതി രാവിലെ 9.00-ന് കോതമംഗലം കത്തീഡ്രലിൽ വച്ച് മുതലക്കോടം ഇടവക പള്ളിക്കുന്നേൽ ജോർജ്, ചെമ്പരത്തി മാനുവൽ, ഏനാനല്ലൂർ ഇടവക മുട്ടത്തുകുടിയിൽ ആന്റണി, കരിമണ്ണൂർ ഇടവക കുന്നപ്പിള്ളിൽ ജോസ്, വെള്ളാപ്പിള്ളിൽ സെബാസ്റ്റ്യൻ, ഊന്നുകൽ ഇടവക പീച്ചാട്ട് ജോസഫ്, പൊന്നന്താനം ഇടവക പുതുമനതൊട്ടിയിൽ ജോർജ്ജ്, തഴുവംകുന്ന് ഇടവക ചാരനാൽ ജോസഫ്, നെടിയകാട് ഇടവക മ്ലാക്കുഴിയിൽ മൈക്കിൾ എന്നിവർ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽ നിന്നും മ്ശംശാനൂസ പട്ടം സ്വീകരിച്ചു.

2025 ഏപ്രിൽ 25-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് കോതമംഗലം, സെന്റ് ജോർജ് കത്തീഡ്രലിൽ വച്ച് നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന കാറോയ മുല്ലശ്ശേരിൽ ആന്റണി ഹെവ്പ്പദ്യാക്ക്നൂസ പട്ടവും ഒന്നാം വർഷ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയ ഇടവഴിക്കൽ തോമസ്, പരുന്തുംപ്ലാക്കൽ ആന്റണി, കുന്നത്ത് ജോസഫ്, കുഴിക്കാട്ട് ജോർജ്, കുന്നുംപുറത്ത് ജോർജ്, തൃക്കണശ്ശേരിൽ ജോസഫ് എന്നിവർ കാറോയൂസ പട്ടവും റീജൻസിക്കാരായിരുന്ന കിഴക്കേക്കുറ്റ് ജോസഫ്, കുറുമാംതോട്ടത്തിൽ തോമസ്, പുന്നയ്ക്കപ്പടവിൽ ജോർജ്, ഈഴപ്പറമ്പിൽ ഫ്രാൻസീസ്, മാപ്പിളകുന്നേൽ സൈമൺ പീറ്റർ, മാപ്പിളമാട്ടേൽ ജോസഫ്, കുറ്റിയാനിമറ്റത്തിൽ സ്കറിയ, മുല്ലശ്ശേരിൽ ജോസഫ് എന്നിവർ വൈദിക വസ്ത്രവും അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽ നിന്നും സ്വീകരിച്ചു.

*Syncellus*

C. 46/2025 **Monthly Recollection for Priests**

***Topic for discussion in May***

Read in common YOUCAT Nos. 240 -245

*Syncellus*

C. 47/2025 **ഫ്രാൻസീസ് പാപ്പായുടെ പുരസ്ക്കാരം ലഭിച്ചു**



ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സഭയുടെ കോതമംഗലം വിമലാ പ്രൊവിൻസ് അംഗം സി. ട്രീസ ജോസ് അത്തിക്കലിന് ഫ്രാൻസീസ് പാപ്പായുടെ ബഹുമതി ലഭിച്ചു. Pro Ecclesia et Pontifice (for the Church and Pope) എന്ന പേപ്പൽ അവാർഡ് ആണ് ലഭിച്ചിരിക്കുന്നത്. 52 വർഷക്കാലം USA യിലെ St. Paul and Minneapolis അതിരൂപതയിലെ St. Therese ഇടവകയിലും സ്കൂളിലും പ്രവർത്തിച്ച സിസ്റ്റർ സഭയ്ക്കും കത്തോലിക്കാ വിദ്യാഭ്യാസ മേഖലയിലും നൽകിയ പ്രശസ്ത സേവനങ്ങൾക്കുള്ള അംഗീകാരമാണ് ഈ പേപ്പൽ ബഹുമതി. അതിരൂപതാദ്ധ്യക്ഷൻ Archbishop Bernard Hebda യിൽ നിന്ന് ഏപ്രിൽ 3 ന് Gold cross medal ഉം പാപ്പായിൽ നിന്നുള്ള സർട്ടിഫിക്കറ്റും സ്വീകരിച്ച സി. ട്രീസയ്ക്ക് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

*Syncellus*

C.48/2025 **ഓഡിറ്റിംഗ്**

ഇടവകകളുടെയും സ്ഥാപനങ്ങളുടെയും 2024-25 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് 2025 മെയ് മാസം 2-ാം തീയതി നിർമ്മല കോളേജിൽ സൗകര്യമുണ്ടായിരിക്കും. ഇടവകകളുടെ കണക്കുകൾ തൊടുപുഴ Kappen & Co. ഓഫീസുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് നടത്തേണ്ടത്. ഇടവകകളിലെ കണക്കുകൾ തയ്യാറാക്കേണ്ടത് നിർബന്ധമായും പുതിയ അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. പള്ളിയുടെ ആത്മസ്ഥിതി ഇൻസ്റ്റാൾ ചെയ്തിട്ടുള്ള അതേ കമ്പ്യൂട്ടറിൽ തന്നെ അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത്, പള്ളിവക കണക്കുകൾ പ്രസ്തുത കമ്പ്യൂട്ടറിൽ തന്നെ തയ്യാറാക്കേണ്ടതും, പള്ളിയിൽ തന്നെ സൂക്ഷിക്കേണ്ടതുമാണെന്ന് ഓർമിപ്പിക്കുന്നു.

*Finance Officer*

*JS.5/2025* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിനുവേണ്ടിയുള്ള പരീക്ഷ 2025 മെയ് 10-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണിവരെ കോതമംഗലം സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിലും തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിലും വച്ച് നടത്തുന്നു. പ്രവേശനപരീക്ഷ യിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷി പ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനു ബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ:**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം. **XI-ാം ക്ലാസ്സിലെ പുതിയ പാഠപുസ്തകമാണ് പരീക്ഷയ്ക്ക് ഉപ യോഗിക്കുന്നത്.**

Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6,Kothamangalam - 686 691 Tel : 0485 -2862236, 8281946306

*Secretary*

# Jeevajyoti Mission Utkela, Odisha

*OM 10 /2025* **സാമ്പത്തിക സഹായം**

| | | |
|---|---|---|
| Fr. Joseph Mulanjanany | ₹ | 10000.00 |
| Nirmalagiri FCC Convent, Muvattupuzha | ₹ | 13000.00 |
| Arun Raj Ambattumaliyil | ₹ | 100000.00 |
| Catherine George Namattathil, Karakunnam | ₹ | 5000.00 |
| Sacred Heart Church, Ayavana | ₹ | 33,004.72 |
| St. Thomas Church, Cheppukulam | ₹ | 5642.00 |

*OM 11 /2025* **മിഷൻ ഹൗസ് വെഞ്ചരിപ്പ്**

ജീവാഭവന്റെ വെഞ്ചരിപ്പ് കർമ്മം മെയ് 14 ന് രാവിലെ 10:30 ന് അഭിവന്ദ്യ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ മുഖ്യ കാർമ്മിക ത്വത്തിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത കർമ്മത്തിലേക്ക് എല്ലാ വൈദികരെയും, സന്ന്യസ്തരെയും, അല്മായരെയും ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

*OM 12 /2025* **മിഷൻ സന്ദർശനം**

ജീവാ മിൽക്ക് ഡയറക്ടർ ജോസഫ് മൂർക്കാട്ടിലച്ചൻ ഏപ്രിൽ മാസം 5-ാം തീയതി ഉത്കല മിഷൻ സന്ദർശിക്കുകയും ഞങ്ങളോടൊപ്പം ആയിരിക്കുകയും ചെയ്തു.

കൂടാതെ ജീവാ മെഡിക്കൽ ഡയറക്ടർ ജോസഫ് കാഞ്ഞിരക്കൊമ്പിൽ അച്ചനും രൂപത മൈനർ സെമിനാരി വൈസ് റെക്ടർ സ്കറിയ കുന്നത്ത് അച്ചനും ഏപ്രിൽ മാസം പതിനാലാം തീയതി ഉത്കല മിഷൻ സന്ദർശിച്ചു.

*OM 13 /2025* **മിഷൻ വാർത്ത**

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ പീഡാനുഭവ, മരണ ഉത്ഥാനത്തെ അനുസ്മരിക്കുന്ന വിശുദ്ധവാര തിരുക്കർമ്മങ്ങളും ഉത്ഥാന തിരുന്നാളും പദംപൂർ, ചൊപ്രിയ, നത്ക്തികണി, ലിയാഡ് വില്ലേജുകളിൽ ആഘോഷിച്ചു.

# മൈനർ സെമിനാരി

*MS 9 /2025* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1. | Mr Francis Kavumpuram, Karakunnam in memory of his son Bro. Jose | ₹ | 2,000 |
| 2. | Mrs Shiny Avirappatt | ₹ | 25,000 |
| 3. | Mr George Mannamthuruthil, Vannappuram | ₹ | 1,000 |
| 4. | United Granites Kolady | ₹ | 100,000 |
| 5. | Mr Francis Thomas Pichappillil, Paingottoor | ₹ | 3,000 |
| 6. | Mrs Daisy Kurian Cherukottu, Vannappuram | ₹ | 1,000 |
| 7. | Mr Mathews Ponppara, Kothamangalam | ₹ | 5,000 |
| 8. | Mrs Lissy K. George Kallarackal, Kothamangalam | ₹ | 1,000 |
| 9. | Mrs Tessy Antony Oliapuram, Kothamangalam | ₹ | 50,000 |
| 10. | Mr Sebastian Joseph Ousepparambil, Thodupuzha East | ₹ | 1,000 |
| 11. | Mr Stephen C. Kottackal, Kothamangalam | ₹ | 5,000 |
| 12. | Fr Joseph Mulanjanany | ₹ | 8,000 |
| 13. | CML Arakuzha | ₹ | 10,000 |
| 14. | Medical Sisters of St Joseph Kothamangalam | ₹ | 50,000 |
| 15. | CML Muthalakodam | ₹ | 20,000 |
| 16. | Fr Thomas Kuzhinjalil | ₹ | 100,000 |
| 17. | Fr John Anikottil, Muthalakodam | ₹ | 50,000 |
| 18. | Fr Abraham Puthettu, Mullaringad | ₹ | 30,000 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

# വിജ്ഞാനഭവൻ

**V.35/2025 അദ്ധ്യയനവർഷ രൂപതാതല ഉദ്ഘാടനം**

2025-26 അദ്ധ്യയനവർഷത്തെ വിശ്വാസപരിശീലനത്തിന്റെ രൂപതാതല ഉദ്ഘാടനം ജൂൺ 1-ാം തീയതി ഞായറാഴ്ച അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിക്കും. **അന്നേ ദിവസം ഇടവകതല ഉദ്ഘാടനം എല്ലാ ഇടവകയിലും വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ നടത്തണം. സന്ധ്യാപ്രാർത്ഥന സമയത്ത് മാതാപിതാക്കളും കുട്ടികളും ചേർന്ന് വീട്ടിൽ തിരികൾ തെളിയിച്ച് കുടുംബതലത്തിലുള്ള വിശ്വാസപരിശീലന ഉദ്ഘാടനം നിർവഹിക്കേണ്ടതാണ്.**

**V.36/2025 HM, Staff Secretary, IT Co-ordinator Meeting**

HM, Staff Secretary, IT Co-ordinator Meeting മെയ് 22-ാം തീയതി വ്യാഴാഴ്ച 10.00 മുതൽ 1.00 വരെ മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടത്തുന്നതാണ്.

**V. 37/2025 വിശ്വാസപരിശീലകരുടെ രൂപതാകൺവെൻഷൻ ജൂൺ-14, ശനി**

രൂപതയിലെ വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ **ജൂൺ 14 ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ** വച്ച് നടക്കുന്നു. രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെയാണ് കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്.

എല്ലാ ബഹു. വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും ഹെഡ്മാസ്റ്റർമാരെയും വിശ്വാസപരിശീലകരെയും രൂപതാ കൺവെൻഷനിലേക്ക് ആദരപൂർവം സ്വാഗതം ചെയ്യുന്നു.

**V. 38/2025 ബൈബിൾ നേഴ്സറി**

2025-2026 അദ്ധ്യയന വർഷം ബൈബിൾ നേഴ്സറി എല്ലാ ഇടവകകളിലും തുടർന്ന് കൊണ്ടുപോകുവാൻ ശ്രദ്ധിക്കുമല്ലോ. പുസ്തകങ്ങൾ വിജ്ഞാനഭവനിൽ നിന്നും ലഭിക്കുന്നതാണ്.

**V. 39/2025 നവാഗതരായ അദ്ധ്യാപകർക്ക് ട്രെയിനിംഗ്**

നവാഗതരായ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂൺ

21, 22 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തും. എല്ലാ നവാഗതരായ അദ്ധ്യാപകരും ഇതിൽ പങ്കെടുക്കേണ്ടതാണ്. 21-ാം തീയതി രാവിലെ 9.30-ന് ആരംഭിച്ച് 22-ാം തീയതി വൈകിട്ട് 3.30 -ന് അവസാനിക്കും. വരുന്നവരുടെ പേരും അഡ്രസ്സും ജൂൺ 10 -ന് മുമ്പ് സൈറ്റിൽ എന്റർ ചെയ്യേണ്ടതാണ്.

*V. 40/2025* **പുസ്തകം, 10, +2 സർട്ടിഫിക്കറ്റ് വിതരണം**

2025-26 അദ്ധ്യയനവർഷത്തിലെ **സൺഡേ സ്കൂൾ പുസ്തകങ്ങൾ വാങ്ങാൻ മെയ് 20-ന് ശേഷം വിളിച്ച് പുസ്തകം വന്നു എന്ന് ഉറപ്പുവരുത്തിയതിനുശേഷം വരേണ്ടതാണ്. ഫോൺ. 9946739671** ഓർഡർ ചെയ്ത പുസ്തകങ്ങൾക്ക് 3% ഡിസ്കൗണ്ട് നല്കുന്നതാണ്. പുസ്തകങ്ങൾ വാങ്ങുമ്പോൾ മുഴുവൻ വിലയും നൽകി വാങ്ങേണ്ടതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. പുസ്തകങ്ങളുടെ വില താഴെ ചേർക്കുന്നു.

☆ **പുസ്തക വിതരണത്തിന്റെ ഒപ്പംതന്നെ 10, +2 സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.**

NB: **10,000 രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾക്ക് ചെക്ക്, ഡി.ഡി, ബാങ്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.**

| Std. | Sunday School | |
|---|---|---|
| | Mal. | Eng. |
| I | ₹ 50 | ₹ 60 |
| II | ₹ 50 | ₹ 60 |
| III | ₹ 50 | ₹ 60 |
| IV | ₹ 50 | ₹ 60 |
| V | ₹ 50 | ₹ 60 |
| VI | ₹ 50 | ₹ 60 |
| VII | ₹ 50 | ₹ 60 |
| VIII | ₹ 50 | ₹ 60 |
| IX | ₹ 50 | ₹ 60 |
| X | ₹ 50 | ₹ 60 |
| XI | ₹ 50 | ₹ 60 |
| XII | ₹ 50 | ₹ 60 |
| Bible Nursery | ₹ 50 | |

**ഉപപാഠപുസ്തകം**

| | | |
|---|---|---|
| Std. I-IV | ₹ | 60 |
| Std V-VII | ₹ | 60 |
| Std VIII-X | ₹ | 60 |
| Std XI-XII | ₹ | 60 |

*V. 41/2025* **Admission Register, Attendance Book, Bag etc.**

രജിസ്റ്ററുകൾ വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽ നിന്നും ലഭിക്കുന്നതാണ്. രജിസ്റ്ററുകൾ, ബൈബിൾ etc. വില താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| Admission Register | - | ₹ | 520 |
| Attendance Book | - | ₹ | 20 |
| Application Form | - | ₹ | 80 |
| Teachers' Attendance | - | ₹ | 200 |
| Sunday School Bag | - | ₹ | 80, 230 |
| Pocket Bible | - | ₹ | 100 |
| Small Catechism | - | ₹ | 30 |
| Holy Mass Text | - | ₹ | 80, 100 |
| Bible | - | ₹ | 325, 350, 580 |

ഈ നിരക്കുകളിൽ മാറ്റങ്ങൾ ഉണ്ടാകാം.

*V.42/2025* **വചന ഡയറി**

2024 ജൂൺ 2 മുതൽ 2025 മാർച്ച് 29 വരെ ഓരോ ദിവസവും ഓരോ വചനം എഴുതി സൂക്ഷിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്ത 120 കുട്ടികൾ നിർമല പബ്ലിക് സ്കൂളിൽ ഒത്തുചേരുകയും അവരെ വിലയിരുത്തി ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയ കുട്ടികൾക്ക് ക്യാഷ് പ്രൈസും പങ്കെടുത്ത എല്ലാ കുട്ടികൾക്കും സമ്മാനവും മെഡലും, അഭിവന്ദ്യ പിതാവ് നൽകി.

Std. I - IV

I ആൻ മരിയ ഷിബു ആറ്റുപുറത്ത്, കത്തീഡ്രൽ
II ജോൺ ജിനീഷ് മോളത്ത്, നെടുങ്ങപ്ര
III ധരൺ ധനേഷ് പറമ്പുക്കൽ, ചാലാശ്ശേരി
IV അലോക് റോബി തടത്തിൽ, കദളിക്കാട്
V ആൻ നിയ സിബി കേളംകുഴയ്ക്കൽ, മാലിപ്പാറ
VI എലീസ സെബാസ്റ്റ്യൻ പാറക്കുടിയിൽ, മുതലക്കോടം

VII മരിയ ഗോരേത്തി പള്ളത്ത്, വെളിയേൽച്ചാൽ
VIII ഒലീവർ ലിയോ മണിമലതറപ്പിൽ, ഉടുമ്പന്നൂർ
IX ജോസി ജിൻസൺ കാരിക്കൽ, മൂവാറ്റുപുഴ ഈസ്റ്റ്
X ഈവിലിൻ ആൻ പോൾ പാലത്തിങ്കൽ, നെല്ലിമറ്റം

Std. V - VIII
I ഡിന്റ് ആന്റോ പാറക്കൽ, മുതലക്കോടം
ജിസ്മോൻ സണ്ണി ചാത്തംകണ്ടത്തിൽ, ബസ്ലഹം
ഡിയോൺ സിജോ തെങ്ങനാകുന്നേൽ, ഞാറക്കാട്
II ഏയ്ഞ്ചൽ ഷിബു കളപ്പുരക്കൽ, നെടുങ്ങപ്ര
II ക്രിസ്റ്റോ ഷിബു ആറ്റുപുറത്ത്, കത്തീഡ്രൽ
IV ജേക്കബ് തോമസ് കുളങ്ങരക്കുടിയിൽ, ഏഴല്ലൂർ
V മാത്യൂസ് ജെയിംസ് കണ്ണംകുളം, മാലിപ്പാറ
VI ഗോഡ്വിൻ ബിജു പുതിയേടത്ത്, വാഴക്കുളം
VII റയാൻ സോബിൻ നീരോലിക്കൽ, ഏനാനല്ലൂർ
VIII മാത്യൂസ് ഐസക് വടക്കേമംഗലത്ത്, തൊടുപുഴ

Std. IX - XII
I ട്രീസ റെൻസൺ തലയ്ക്കൽ, തെന്നത്തൂർ
II ദീപ്തി ഷൺമുഖം വട്ടക്കുന്നേൽ, ആയവന
III അലീന ആന്റണി കുറിയേടം, മാലിപ്പാറ
IV അൽഫോൻസ അനീഷ് വട്ടക്കുടിയിൽ, ചാലാശ്ശേരി
V അവ്ലിൻ ബിനു കൊട്ടാരത്തിൽ, കീരംപാറ
VI ജെസ്സെ മാത്യു കുന്നേൽ, പൈങ്ങോട്ടൂർ
VII മരിയ തോമസ് കാട്ടിത്തപ്പാറ, കത്തീഡ്രൽ
VIII ഏലീശ്വ ജോൺസൺ കോക്കണ്ടത്തിൽ, കാളിയാർ
IX ഡോണ ജിപ്സൺ നിരപ്പേൽ, തൊടുപുഴ
X അയോണ ഡോണി വെള്ളാപ്ലാക്കൽ, ആരക്കുഴ
എൽസ പയസ് കുഴികണ്ടത്തിൽ, ആലക്കോട്

*V.43/2025* **ബലിയെൻ ബലം**

**രൂപതാതലം : മെയ് 10**
**സ്ഥലം : വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ്, വാഴക്കുളം**
**സമയം : 9.30 am**

*V.44/2025* **ദിവ്യകാരുണ്യസ്വീകരണ ഒരുക്ക സഹായി**

ദിവ്യകാരുണ്യസ്വീകരണത്തിന് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽനിന്ന് ലഭി

ക്കുന്നതാണ്. ക്ലാസ്സ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയ വേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 12/2025* **പ്രധാനാധ്യാപകരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

അടുത്ത അധ്യയന വർഷത്തേക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സ്കൂൾ തുറക്കുന്നതിനു മുമ്പ് എല്ലാവരും എടുക്കേണ്ടതാണ്. സ്ഥലം മാറുകയോ വിരമിക്കുകയോ ചെയ്യുന്ന പ്രധാനാധ്യാപകർ സ്കൂളിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുമ്പായി പുതുതായി വരുന്ന പ്രധാനാധ്യാപകനെ സ്കൂളുമായി ബന്ധപ്പെട്ട എല്ലാ ഔദ്യോഗിക രേഖകളും സാമ്പത്തിക ഇടപാടുകളും പറഞ്ഞ് ഏൽപ്പിക്കേണ്ടതും എല്ലാ രജിസ്റ്ററുകളിലും സ്ഥലം മാറുന്ന ആളും പുതുതായി വരുന്ന ആളും ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.

പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പായി അത്യാവശ്യ മെയിന്റനൻസ് വർക്കുകൾ നടത്തി സ്കൂളും പരിസരവും ഭംഗിയാക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി ഈ മാസം പകുതിയോടുകൂടി അധ്യാപക/അനധ്യാപകർക്ക് പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. വിശദാംശങ്ങൾ അറിയിക്കും.

*Edn. 13/2025* **School Maintenance Fund**

| Date | School Name | Credit | Debit |
|---|---|---|---|
| 25/03/2025 | SA LPS Chilavu | 24016 | |
| 25/03/2025 | SG UPS Kallanickal | 35633 | |
| 25/03/2025 | SG HSS Muthalakodam | 55562 | |
| 25/03/2025 | SM HS Kaliyar | 50312 | |
| 25/03/2025 | SJ UPS Peringuzha | 9232 | |

| | | | |
|---|---|---|---|
| 25/03/2025 | SG LPS Kadavoor | 10824 | |
| 25/03/2025 | SM HS Arakuzha | 11391 | |
| 25/03/2025 | SA LPS Kalloorkad | 6472 | |
| 25/03/2025 | SH GHS Muthalakodam | 69200 | |
| 25/03/2025 | SA HS Kalloorkad | 44004 | |
| 26/03/2025 | LF LPS Pallickammury | 12528 | |
| 27/04/2025 | SS UPS Thodupuzha | 24220 | |
| 01/04/2025 | SH LPS Perumballoor | 21188 | |
| 01/04/2025 | SS UPS Ezhalloor | 10368 | |
| 01/04/2025 | SJ HSS Karimannoor | 94752 | |
| 01/04/2025 | SM LPS Kodikulam | 15100 | |
| 05/04/2025 | SM LPS Kaliyar | 21326 | |
| 07/04/2025 | Karimannoor | | 140000 |
| 10/04/2025 | SJ LPS Paingottoor | 23644 | |
| 10/04/2025 | SM HSS Kaliyar | 125747 | |
| 11/04/2025 | SG HS Muthalakodam | 27567 | |
| 12/04/2025 | LF LPS Muvattupuzha | 10450 | |
| 12/04/2025 | F LPS Karakunnam | 7500 | |
| 12/04/2025 | SJ HS Karimannoor | 51692 | |
| 12/04/2025 | Muvattupuzha | | 57000 |
| 14/04/2025 | SH HSS Ayavan | 28232 | |
| 15/04/2025 | SS HS Thodupuzha | 76310 | |
| 16/04/2025 | SS HS Vazhithala | 15024 | |
| 22/04/2025 | SH LPS Perumballoor | 14100 | |
| 23/04/2025 | SG HS Udumbannoor | 7050 | |
| 23/04/2025 | ST LPS Nadukara | 7634 | |
| 24/04/2025 | SM LPS Ezhumuttam | 7212 | |
| 24/04/2025 | Meenmutty | | 150000 |
| 25/04/2025 | SJ LPS Thommankuth | 9720 | |
| 25/04/2025 | LF UPS Nediakad | 3966 | |
| 25/04/2025 | ST UPS Painkulam | 16172 | |
| 25/04/2025 | SS HSS Vazhithala | 37430 | |
| 25/04/2025 | ST LPS Nadukani | 7216 | |
| 25/04/2025 | SG UPS Pooyamkutty | 6358 | |
| 28/04/2025 | SJ UPS Kaloor | 21150 | |

| | | | |
|---|---|---|---|
| 28/04/2025 | LF LPS Meenkunnam | 13248 | |
| 28/04/2025 | SG HSS Kothamangalama | 52562 | |
| 28/04/2025 | Kaloor | | 275000 |
| 29/04/2025 | SJ HS Velielchal | 58044 | |

*Secretary*

# നിർമ്മല സിവിൽ സർവീസ് അക്കാദമി

## *NiCSA.16 /2025* MCP റെഗുലർ ബാച്ചിലേക്കുള്ള രൂപതാതല സ്കോളർഷിപ്പ് പരീക്ഷ

കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ, മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന 2025-26 ബാച്ച് ഫുൾ ടൈം സിവിൽ സർവീസ് പരിശീലന ക്ലാസ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുകയാണ്. ഈ വർഷത്തെ റെഗുലർ ബാച്ചിലേക്ക് സിവിൽ സർവീസ് പരിശീലനം നടത്താൻ ആഗ്രഹിക്കുന്ന കോതമംഗലം രൂപതയിലെ ഡിഗ്രി/പി. ജി പൂർത്തിയാക്കിയ കത്തോലിക്ക വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പരീക്ഷ 2025 ഏപ്രിൽ 27 ന് ഉച്ചയ്ക്ക് 2.30 ന് നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ വച്ച് നടന്നു.

## *NiCSA.17 /2025* MERUEM 2.0 (The Light That Illuminates All)

ഏപ്രിൽ 25, 26, 27 തീയതികളിൽ മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി സമഗ്ര വ്യക്തിത്വ വികസനവും സിവിൽ സർവീസ് ഓറിയന്റേഷനും ലക്ഷ്യം വച്ച് ത്രിദിന സഹവാസ ക്യാമ്പ് നടന്നു. ഏപ്രിൽ 25 വൈകിട്ട് 4 മണിക്ക് ആരംഭിച്ച ക്യാമ്പ് 27 ഉച്ചയ്ക്ക് 12 നോട് കൂടിയാണ് അവസാനിച്ചത്. പൊതുവിജ്ഞാനം, ഇംഗ്ലീഷ്, കണക്കിലെ കളികൾ തുടങ്ങിയ പുതിയ കാര്യങ്ങൾ ആവേശത്തോടെ പഠിക്കാനുള്ള അവസരം, നേതൃത്വ പാടവം, ആത്മവിശ്വാസം, പുതിയ സുഹൃത്തുക്കൾ, ഗ്രൂപ്പ് ആക്ടിവിറ്റികളിലൂടെ കുട്ടികളുടെ ടീം സ്പിരിറ്റ് വളർത്തിയെടുക്കാനുള്ള അവസരങ്ങൾ എന്നിവയാണ് MERUEM 2.0 ക്യാമ്പ് കുട്ടികൾക്കായി ഒരുക്കിയത്.

*NiCSA.18 /2025* **പഠനയാത്ര**

2024-25 ഫണ്ടമെന്റൽസ്, നിർമ്മല കിഡ്സ് ബാച്ചിലെ കുട്ടികൾക്കായുള്ള പഠനയാത്ര നടത്തി. കോതമംഗലം ജീവാ മിൽക്ക് പ്ലാന്റ്, ജീവാ വാട്ടർ പ്ലാന്റ്, ഭൂതത്താൻകെട്ട് ഡാം എന്നിവ സന്ദർശിച്ചു.

*NiCSA.19 /2025* **യു.പി.എസ്.സി. സിവിൽ സർവീസ് പരീക്ഷ മാതൃകയിൽ വിദ്യാർത്ഥികൾക്കായി ഫൈനൽ എക്സാം നടത്തി**

നിർമല സിവിൽ സർവീസ് അക്കാദമിയിലെ ഫൗണ്ടേഷൻ, ഫണ്ടമെന്റൽസ്, നിർമ്മല കിഡ്സ് കോഴ്സുകളുടെ ഫൈനൽ പരീക്ഷ യു.പി.എസ്.എസി. സിവിൽ സർവീസ് പരീക്ഷയുടെ മാതൃകയിൽ നടന്നു. വിദ്യാർത്ഥികൾക്കായി പ്രിലിംസ് പരീക്ഷ, മെയിൻ പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയ ഘട്ടങ്ങൾ വിദ്യാർത്ഥികളിൽ ഉത്തരവാദിത്തവും, ആത്മവിശ്വാസവുമുള്ള പരീക്ഷാനുഭവം നൽകി.

അഡ്മിഷനും കൂടുതൽ വിവരങ്ങൾക്കും ആയി Contact No: 9496065457, 91423 96705

*Administrator*

## സോഷ്യൽ സർവീസ്

*SS. 25/2025* **ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ്**

2024-25 വർഷത്തെ ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ് എല്ലാ യൂണിറ്റുകളും നടത്തേണ്ടതാണ്. ഓഡിറ്റിംഗ് പൂർത്തിയായി കഴിയുമ്പോൾ ഓഡിറ്റ് റിപ്പോർട്ടിന്റെ ഒരു കോപ്പി KSSS ഓഫീസിൽ ഏൽപിക്കണം. ഓഡിറ്റിംഗ് മെയ് 30-ന് മുമ്പ് പൂർത്തിയാക്കാൻ ഭാരവാഹികൾ ശ്രദ്ധിക്കണം. പുതിയ ഘട്ടം തുടങ്ങുന്നതിന് മുമ്പ് KSSS-ൽ അറിയിക്കേണ്ടതാണ്.

*SS. 26/2025* **സജീവം ട്രെയിനിംഗ് സംഘടിപ്പിച്ചു**

കേരള സോഷ്യൽ സർവീസ് ഫോറം, കാരിത്താസ് ഇന്ത്യ, മദ്യവിരുദ്ധസമിതി എന്നിവയുടെ നേതൃത്വത്തിൽ കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആതിഥേയത്വത്തിൽ മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് Sajeevam early Intervention counselling Training സംഘടിപ്പിച്ചു. KSSS ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ

അധ്യക്ഷത വഹിച്ച യോഗത്തിൽ വച്ച് KSSS പ്രസിഡന്റും വികാരി ജനറാളുമായ മോൺ. പയസ് മലേക്കണ്ടത്തിൽ ട്രെയിനിംഗ് ഉദ്ഘാടനം ചെയ്തു. ലഹരി എന്ന വിപത്തിനെതിരെ ഒറ്റക്കെട്ടായി സമൂഹം നിലകൊള്ളണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ മുഖ്യപ്രഭാഷണം നടത്തി. കോതമംഗലം എക്സൈസ് ഇൻസ്പെക്ടർ സജി വർഗീസ്, മൂവാറ്റുപുഴ നിർമ്മല ഹോസ്പിറ്റൽ സൈക്യാട്രി വിഭാഗം HOD ഡോ. സി. ലിൻസ് മരിയ, സജീവം കോ-ഓർഡിനേറ്റർ സജോ ജോയി എന്നിവർ ക്ലാസ്സുകൾ നയിച്ചു. റാണിക്കുട്ടി ജോർജ്, ജോൺസൺ കറുകപ്പിള്ളിൽ, ജോയിസ് മുക്കുടം, അലീന ജോസ് എന്നിവർ പ്രസംഗിച്ചു. വരാപ്പുഴ, എറണാകുളം, അങ്കമാലി, കൊച്ചി, കോട്ടപ്പുറം, മൂവാറ്റുപുഴ എന്നീ രൂപതകളിലെ സജീവം വോളന്റിയേഴ്സ് ഉൾപ്പെടെ 45 പേർ ട്രെയിനിംഗിൽ പങ്കെടുത്തു.

*SS. 27/2025* **സഹായ പദ്ധതികൾ (2024-25)**

| | | |
|---|---|---|
| കാൻസർ ചികിത്സാ സഹായം നൽകിയത് | - | 584000 |
| മറ്റ് ചികിത്സാസഹായം നൽകിയത് | - | 553180 |
| ഇതരസഹായങ്ങൾ | - | 67580 |
| കോയിൻ ബോക്സ് കളക്ഷൻ വരവ് | - | 1148638 |
| നോമ്പുകാല സംഭാവന വരവ് | - | 765047 |

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 19/2025* **സ്നേഹകൂടാരം**

കൊടുവേലി, കല്ലൂർക്കാട്, തൊടുപുഴ ഈസ്റ്റ് എന്നീ ഇടവകകളിൽ ഏപ്രിൽ 1, 2, 3 തീയതികളിൽ സ്നേഹകൂടാരം നടന്നു.

*CML 20/2025* **ക്രിസ്റ്റീൻ ധ്യാനം**

ഏപ്രിൽ 23 മുതൽ 26 വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് 10, 11, 12 ക്ലാസ്സിലെ കുട്ടികൾക്കായി നടത്തപ്പെട്ട ധ്യാനത്തിൽ 180 ഓളം കുട്ടികൾ പങ്കെടുത്തു.

*CML 21/2025* **കൈയെഴുത്ത് മാസിക മത്സരം, ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്, ചെറുസൂനം ക്വിസ്**

ഏപ്രിൽ 28 ന് മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളിൽ വച്ച് രൂപതാതല കൈയെഴുത്ത് മാസിക മത്സരവും ജോയിന്റ് ഡയറക്ടേഴ്സ് മീറ്റും ചെറുസൂനം ക്വിസ്സും നടത്തപ്പെട്ടു. കൈയെഴുത്ത് മാസിക മത്സരത്തിൽ 30 ടീമുകൾ പങ്കെടുത്തു.

*CML 22/2025* **കുഞ്ഞേട്ടൻ Centenary League**

കോതമംഗലം രൂപതയിലെ അൾത്താരബാലൻമാർക്ക് മാത്രമായി ഫുട്ബോൾ ടൂർണമെന്റ് 'കുഞ്ഞേട്ടൻ Centenary League' മെയ് 02, 03 തീയതികളിൽ കോതമംഗലം പ്ലേ മേക്കേഴ്സ് ടർഫിൽ (ബൈപാസ് റോഡ്) വച്ച് നടത്തപ്പെടുന്നു.

*CML 23/2025* **ക്രിസ്റ്റീൻ ധ്യാനം**

7, 8, 9 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ക്രിസ്റ്റീൻ ധ്യാനം മെയ് 05 മുതൽ 08 വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നു.

*CML 24/2025* **ഫാ. ജോൺ പടിഞ്ഞാട്ടുവയലിൽ & ഫാ. ജോർജ് മലേപ്പറമ്പിൽ മെമ്മോറിയൽ ക്വിസ് മത്സരം**

അകാലത്തിൽ നമ്മിൽ നിന്നും വേർപിരിഞ്ഞു പോയ ബഹു. ജോൺ അച്ചന്റെയും ജോർജ്ജ് അച്ചന്റെയും അനുസ്മരണാർത്ഥം നടത്തുന്ന 'മെഗാ ഫാമിലി ക്വിസ്' മെയ് 10-ന് നടത്തപ്പെടുന്നു.

*CML 25/2025* **മാനേജിംഗ് കമ്മിറ്റി, രൂപതാ ഇലക്ഷൻ**

2024-25 പ്രവർത്തന വർഷത്തെ അവസാന മാനേജിംഗ് കമ്മിറ്റിയും 2025-28 പ്രവർത്തന വർഷത്തിലേക്കുള്ള രൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും മെയ് 11 ഞായറാഴ്ച NESTT-ൽ വച്ച് നടത്തപ്പെടുന്നു.

*CML 26/2025* **മിഷനറി സംഗമം**

കോതമംഗലം രൂപതയിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന മിഷനറിമാരുടെ സംഗമം മെയ് 21-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ മിഷനറിമാരായ വൈദികരെയും സന്യസ്തരെയും ബ്രദേഴ്സിനെയും ഈ സംഗമത്തിലേക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

*Director*

# ഫാമിലി അപ്പോസ്തലേറ്റ്

*FA 12/2025* **രൂപത കൗൺസിൽ**

ഫാമിലി അപ്പോസ്റ്റലേറ്റ് കോതമംഗലം രൂപത കൗൺസിൽ ഏപ്രിൽ 5 ന് മൂവാറ്റുപുഴ നെസ്റ്റിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം നിർവഹിച്ചു. സഭയുടെ സവിശേഷമായ ശ്രദ്ധ ഏറ്റവും കൂടുതൽ കടന്നു ചെല്ലേണ്ട മേഖലയാണ് കുടുംബങ്ങൾ എന്ന തിരിച്ചറിവിൽ നിന്നാണ് കുടുംബപ്രേഷിത പ്രവർത്തനങ്ങൾ രൂപം കൊണ്ടതെന്നും, വിശ്വാസ കൈമാറ്റമാണ് ഫാമിലി അപ്പോസ്റ്റലേറ്റിന്റെ പ്രഥമ കർത്തവ്യമെന്നും പിതാവ് പറഞ്ഞു. ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത ഡയറക്ടറി 2025 പിതാവ് പ്രകാശനം ചെയ്തു.

സാമുദായിക ശാക്തീകരണം സമകാലിക കാലഘട്ടത്തിൽ എന്ന വിഷയത്തിൽ ഫാ. റോയി കണ്ണൻചിറ CMI ക്ലാസ്സ് നയിച്ചു. രൂപത പ്രസിഡന്റ് ഡിഗോൾ K. ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ മുഖ്യ പ്രഭാഷണം നടത്തി. ടോം ജെ കല്ലറക്കൽ, പ്രൊഫ. ജോസ് അബ്രാഹം, ലോറൻസ് അബ്രാഹം, ജോളി കുമ്പാട്ട്, ജൂഡി ഡാലു, ഷീജ റെന്നി, ജിജി നിജോ, ആലമ്മ ജോൺസൺ എന്നിവർ പ്രസംഗിച്ചു. രൂപത, ഫൊറോന ഭാരവാഹികൾ നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നുള്ള നാനൂറോളം പേർ പങ്കെടുത്തു.

*FA 13/2025* **പ്രീ മാര്യേജ് കോഴ്സ് നെസ്റ്റ്**

| | | |
|---|---|---|
| മെയ് | 1 – 3, | 15 – 17 |
| ജൂൺ | 5 – 7, | 19 – 21 |

*Director*

# പ്രോലൈഫ്

*PL 5/2025* **പ്രോ ലൈഫ് മാജിക് ഷോ**

മാർച്ച് 25 – ലഹരി വിരുദ്ധ മാജിക് ഷോ കോതമംഗലത്തിന്റെ വിവിധ ഭാഗങ്ങളിൽ

മാർച്ച് 30 - മൂലമറ്റം ഹോസ്പിറ്റൽ
കോളപ്ര റെസിഡൻസ് അസോസിയേഷൻ
മാർച്ച് 31 - കാഞ്ഞിരപ്പള്ളി
ഏപ്രിൽ 1 - കാഞ്ഞിരപ്പള്ളി
ഏപ്രിൽ 3 - ഉടുമ്പന്നൂർ
ഏപ്രിൽ 6 - കാക്കൂർ
ഏപ്രിൽ 10,11, 12 - കുരിശുപാറ കുടുംബ വിശുദ്ധീകരണ മാജിക്കൽ റിട്രീറ്റ്

*Director*

## പിതൃവേദി

*PV 8/2028* **ആസ്സാം മിഷനു സഹായം**

ആസ്സാമിലെ വളരെ പാവപ്പെട്ട വിശ്വാസികൾക്കുവേണ്ടി 75 ചാക്ക് നല്ല വസ്ത്രങ്ങൾ ട്രെയിൻ മാർഗ്ഗം അയച്ചു കൊടുക്കാൻ സാധിച്ചു. മൂവാറ്റുപുഴ നിർമ്മലമാതാ ഇടവകയിൽ നിന്നും 23 ചാക്കും തൊടുപുഴ വിജ്ഞാനമാതാ ഇടവകയിൽ നിന്നും 15 ചാക്കും വാഴക്കാല ഇടവകയിൽ നിന്നും 7 ചാക്കും ശ്രീ. ധേബാർ ജോസഫ് ചീനിക്കുഴിയിൽ നിന്നും 5 ചാക്കും പിതൃവേദിയുടെ നേതൃത്വത്തിലും കൂടാതെ ദിവ്യരക്ഷാലയത്തിൽ നിന്നും 15 ചാക്കും ശ്രീ. ജിമ്മി കല്ലറക്കൽ 10 ചാക്കും വസ്ത്രങ്ങൾ തന്നു സഹായിച്ചു. വസ്ത്രം ആസ്സാമിൽ എത്തി മിഷനറിമാരുടെ നേതൃത്വത്തിൽ വിതരണം ചെയ്യാൻ തുടങ്ങി. വസ്ത്രം അയയ്ക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി അർപ്പിക്കുന്നു.

*Director*

## മാതൃവേദി

*MV 10/2025* **രൂപതാ കമ്മിറ്റി**

2025-2027 പ്രവർത്തന വർഷത്തെ ആദ്യത്തെ രൂപത കമ്മിറ്റി 01-04-2025 ചൊവ്വാഴ്ച കൂടുകയുണ്ടായി. രൂപത ഡയറക്ടർ ജോസ്

കിഴക്കേയിൽ അച്ചന്റെ നേതൃത്വത്തിൽ പുതിയ പ്രവർത്തന വർഷത്തിലെ കർമ്മ പരിപാടികളെ കുറിച്ച് ചർച്ച നടത്തി. രൂപത പ്രസിഡന്റ് ജാൻസി മാത്യു യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. 25-04-2025 ൽ രൂപതാ കൗൺസിൽ കൂടുവാൻ തീരുമാനിച്ചു. ഓരോ ഫൊറോനയിലെയും പ്രസിഡന്റ്, രൂപത സെനറ്റ് മെമ്പേഴ്സ് എന്നിവരാണ് പ്രസ്തുത കൗൺസിലിൽ പങ്കെടുക്കേണ്ടത്.

*Director*

# യൂദിത്ത് മിനിസ്ട്രി

*JM 3/2025* **രൂപതാ കമ്മിറ്റി**

യൂദിത്ത് നവോമി ഫോറം രൂപതാ കമ്മിറ്റി മൂവാറ്റുപുഴ നെസ്റ്റിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ചു.

യൂദിത്ത് നവോമി ഫോറം സംഘടനയ്ക്ക് ഫൊറോനാ തലത്തിൽ ആനിമേറ്റർ സിസ്റ്റർമാരെ തിരഞ്ഞെടുത്തു. 9 ഫൊറോനയിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു.

ബഹു. ജോസ് അച്ചന്റെ നാമഹേതുക തിരുന്നാൾ ആഘോഷിച്ചു.

അമ്മമാർക്ക് വേണ്ടി ഏകദിന സെമിനാർ സംഘടിപ്പിച്ചു. മൂവാറ്റുപുഴ ഫൊറോനാ ആനിമേറ്റർ സി. സുമി റോസ് ക്ലാസ്സ് എടുത്തു. അമ്മമാർക്ക് വേണ്ടി ഉപന്യാസ മത്സരം നടത്തി.

*Director*

# മദ്യവിരുദ്ധ സമിതി

*MVS 5/2025* **മന്നയുടെ ഉച്ചഭക്ഷണവിതരണം 20 മാസം പിന്നിട്ടു**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി വടാട്ടുപാറ യൂണിറ്റ് മന്നയെന്ന പേരിൽ ആരംഭിച്ച ജീവകാരുണ്യ പ്രസ്ഥാനം കോതമംഗലം ഗവൺമെന്റ് ആശുപത്രിയിലെ കിടപ്പ് രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി ശനിയാഴ്ച ദിവസങ്ങളിൽ നൽകുന്ന ഭക്ഷണ വിതര

ണം 20 മാസം പിന്നിട്ട് മുന്നോട്ട് നീങ്ങുന്നു. ഏകദേശം 20,000 ത്തോളം പേർക്ക് ഭക്ഷണം കൊടുക്കുവാനായി സാധിച്ചു. മതരാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരുടേയും നിർലോഭമായ സഹകരണം ലഭിച്ചു വരുന്നു. രോഗികൾക്ക് ചികിത്സാസഹായവും കഴിയുന്നവിധം നൽകുന്നു. ഫാ. ജേക്കബ് വടക്കുംപറമ്പിൽ, ഫാ. ജെയിംസ് ഐക്കരമറ്റം, ഫാ. ജിനോ ഇഞ്ചപ്ലാക്കൽ എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്ന പദ്ധതിയിൽ കോതമംഗലം ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു.

ഇന്നത്തെ ഭക്ഷണവിതരണത്തിൽ കെ.സി.ബി.സി മദ്യവിരുദ്ധ സമിതി രൂപത പ്രസിഡന്റ് ജെയിംസ് കോറമ്പേൽ, സൂപ്രണ്ട് ഡോ. സാം പോൾ, ബിജു വെട്ടിക്കുഴ, ജിജു വടക്കേക്കുടി, ജോയി പനയ്ക്കൽ, സുനിൽ സോമൻ, ജോസ് കൈതമന, ഏലിയാമ്മ അമ്പാട്ട്, തോമസ് തറമുട്ടം, തോമസ് മന്ത്രപ്പാറ, പീറ്റർ ഇടപ്പുളവൻ, ഉറുമീസ് അരീയ്ക്കൽ, ദിവ്യ അനൂപ്, പി.കെ. മണിക്കുട്ടൻ എന്നിവർ പങ്കെടുത്തു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്

## *DFC 11/2025* രൂപത എക്സിക്യൂട്ടിവ് യോഗം

ദീപിക ഫ്രണ്ട്സ് ക്ലബ് കോതമംഗലം രൂപത എക്സിക്യൂട്ടിവ് കമ്മിറ്റി ഏപ്രിൽ ഒന്നിന് മൂവാറ്റുപുഴ നെസ്റ്റിൽ യോഗം ചേർന്നു. രൂപത ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ ഉദ്ഘാടനം ചെയ്തു. 2025-27 കാലയളവിലേക്കുള്ള രൂപത സമിതി ചാർജ്ജെടുത്തു. ടോം ജെ കല്ലറയ്ക്കലിന്റെ നേതൃത്വത്തിൽ കഴിഞ്ഞ കമ്മിറ്റി നടത്തിയ പ്രവർത്തനത്തിന് ജോസഫ് മൂലശ്ശേരി നന്ദി പറഞ്ഞു. പുതിയ സമിതിയുടെ ആദ്യ യോഗത്തിന് വനിത വിഭാഗം പ്രസിഡന്റ് ഷീല രാജു അദ്ധ്യക്ഷത വഹിച്ചു. രൂപത പ്രസിഡന്റ് ഡിഗോൾ K. ജോർജ് ഭാവി പ്രവർത്തനങ്ങൾ വിശദീകരിച്ചു. പുതിയതായി ചാർജെടുത്ത രൂപത സമിതിക്ക് ഫാ. ജെയ്സൺ നിരവത്ത് ആശംസകൾ നേർന്നു. ലോറൻസ് അബ്രാഹം, ഡോളി ബെന്നി, ബെറ്റി കോരച്ചൻ, പോൾ ലൂയിസ് എന്നിവർ പ്രസംഗിച്ചു.

*Co-ordinator*

# യുവദീപ്തി- K.C.Y.M.

### *YD 17/2025* രൂപത വാർഷിക കൗൺസിൽ

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപതയുടെ വാർഷിക കൗൺസിലും പുതിയ പ്രവർത്തന വർഷത്തിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പും മെയ് 4 ഞായറാഴ്ച്ച മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ കൗൺസിൽ അംഗങ്ങളെയും 2024-25 പ്രവർത്തന വർഷ വാർഷിക കൗൺസിലിലേക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

### *YD 18/2025* രൂപതാതല ജിബിൻ മെമ്മോറിയൽ ക്വിസ് മത്സരം

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ മുൻ രൂപത ഭാരവാഹിയായിരിക്കെ നമ്മളിൽ നിന്നും വേർപിരിഞ്ഞ വാഴക്കുളം യൂണിറ്റ് അംഗം ജിബിൻ കുന്നേൽ അനുസ്മരണാർത്ഥം ഏപ്രിൽ 12-ാം തീയതി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് ക്വിസ് മത്സരം നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ശ്രീ. ജെറിൻ വർഗീസ് അധ്യക്ഷത വഹിക്കുകയും, രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. സംസ്ഥാന സെനറ്റ് അംഗം കുമാരി. അനു ബേബി ക്വിസ് മത്സരത്തിന് നേതൃത്വം നൽകി. ഒൻപത് ഫൊറോനകളിൽ നിന്നുള്ള ടീമുകൾ പങ്കെടുത്ത മത്സരത്തിൽ പാറപ്പുഴ, പൈങ്ങോട്ടൂർ, കത്തീഡ്രൽ എന്നീ യൂണിറ്റുകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കുകയുണ്ടായി.

### *YD 19/2025* കുരിശുമുടി തീർത്ഥാടനം

രൂപതാ സമിതി അംഗങ്ങൾ ഒരുമിച്ച് ചേർന്ന് ഏപ്രിൽ 6 ഞായറാഴ്ച കനകമല കുരിശുമുടി തീർത്ഥാടനം നടത്തുകയും വി. ബലി അർപ്പിക്കുകയും ചെയ്തു.

*Director*

# ജീസസ് യൂത്ത്

*JY 14/2025* **CPG , HOUSEHOLD**

**& The Seraphic Stage Zonal Night Vigil**

**Subzone Central Prayer Group**

കോതമംഗലം : ചൊവ്വാഴ്ചകളിൽ സെന്റ് ജോസഫ് അസൈലം ഹോം, കോതമംഗലം
തൊടുപുഴ : ബുധനാഴ്ചകളിൽ സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, തൊടുപുഴ
മൂവാറ്റുപുഴ : വ്യാഴാഴ്ചകളിൽ സെന്റ് അഗസ്റ്റിൻസ് സ്കൂൾ, മൂവാറ്റുപുഴ.

മെയ് മാസത്തെ ഹൗസ്ഹോൾഡ് കൂട്ടായ്മ 4-ാം തീയതി ഞായറാഴ്ച തൊടുപുഴ സബ് സോണിന്റേത് സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽ വച്ചും മൂവാറ്റുപുഴ സബ് സോണിന്റേത് സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ചും നടത്തപ്പെടുന്നതാണ്.

മെയ് മാസത്തെ കോതമംഗലം സോണൽ നൈറ്റ് വിജിൽ 9-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടത്തപ്പെടുന്നതാണ്.

*Animator*

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 8/2025* **സന്ദർശനങ്ങൾ**

സെന്റ് വിൻസെൻന്റ് ഡി പോൾ സൊസൈറ്റി കോതമംഗലം സെൻട്രൽ കൗൺസിൽ എല്ലാ വർഷവും ഒരു പ്രാവശ്യം കീഴ്ഘടകങ്ങളായ ഏരിയ കൗൺസിലുകളിലും, കോൺഫറൻസുകളിലും സന്ദർശനങ്ങൾ നടത്തിവരുന്നു.

സി സി, ഏ സി പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ, സി സി സെക്രട്ടറി, സി സി ട്രഷറർ, സി സി വൈസ് പ്രസിഡന്റുമാർ എന്നിവരടങ്ങുന്ന ഒരു പാനൽ കോൺഫറൻസുകളിൽ സന്ദർശനം നടത്തി ഓരോ കോൺഫറൻസിലേയും മുഴുവൻ പ്രകർത്തകാംഗങ്ങളേയും നേരിൽ കാണുന്നു. അവരുമായി ആശയവിനിമയം നടത്തി, ചെയ്തുവരുന്ന പ്രവർത്തനങ്ങളുടെ മികവ് വിലയിരുത്തുന്നു. മികച്ച പ്രവർത്തനങ്ങൾക്ക് അഭിനന്ദനവും, കുറവുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിച്ച്, കാ

ര്യക്ഷമമമായി പ്രവർത്തിക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. യോഗങ്ങളുടെ എണ്ണം, ഹാജർനില, ഫണ്ടുകളുടെ വരവും വിനിയോഗവും എന്നിവ നിരീക്ഷിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

നവംബർ മാസത്തിൽ ആരംഭിക്കുന്ന ഈ സന്ദർശനം മാർച്ച് പകുതിയോടെ അവസാനിക്കും. ഇപ്രകാരം 14 ഏസി കളിലായി 123 കോൺഫറൻസുകൾ സന്ദർശിക്കുന്നു.

*SV 9/2025* **രജിസ്ട്രേഷൻ**

ഇന്ത്യയിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനം നിലവിൽ നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ കീഴിലാണ് ഏകോപിപ്പിക്കപ്പെടുന്നത്. നാഷണൽ കൗൺസിൽ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സർക്കാർ നിബന്ധനകൾ കൂടുതൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്നതിനാൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും അനായാസവുമാക്കി തീർക്കാൻ ഇന്ത്യയിലെ 86 CC കളും സ്വന്തമായി രജിസ്ടേഷൻ നേടണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഇതനുസരിച്ച് കോതമംഗലം CC യും തനതായ രീതിയിൽ രജിസ്ടേഷൻ എടുത്തു. പ്രഥമ ബോർഡ് മീറ്റിംഗ് മിനിറ്റ്സും ബോർഡ് അംഗങ്ങളുടെ വിവരങ്ങളും സമർപ്പിച്ചു. ഇനിമുതൽ കോതമംഗലം സെൻട്രൽ കൗൺസിൽ, നാഷണൽ കൗൺസിലിന്റെ കീഴിൽ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന സ്വതന്ത്ര യൂണിറ്റായി മാറി. രേഖകളിലും, കണക്കുകൾ എഴുതുന്നതിലും ആവശ്യകമായ മാറ്റം സെൻട്രൽ കൗൺസിലും, ഏരിയ കൗൺസിലുകളും, കോൺഫറൻസുകളും വരുത്തേണ്ടതാണ്.

*Director*

---

# കേരള ലേബർ മൂവ്മെന്റ്

---

*KLM 8/2025* **മെയ്ദിനാഘോഷം**

സാർവദേശീയ തൊഴിലാളി ദിനമായ മെയ് 1-ന് രാവിലെ 10 മണി മുതൽ കെ.എൽ. എം. കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിലുള്ള മെയ്ദിനാഘോഷം NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടും. രൂപതാ പ്രസിഡന്റ് അഡ്വ. തോമസ് മാത്യു അദ്ധ്യക്ഷത

വഹിക്കുന്ന യോഗം സംസ്ഥാന ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ഉദ്ഘാടനം ചെയ്യും. ശ്രീ. ജോയി ഗോതുരുത്ത് മെയ്ദിന സന്ദേശം നൽകും. മെയ്ദിനാഘോഷത്തോടനുബന്ധിച്ച് ലേബർ ക്വിസ്, കലാപരിപാടികൾ, സ്നേഹവിരുന്ന് എന്നിവയും നടത്തപ്പെടും.

*KLM 9/2025* **അസംഘടിത തൊഴിലാളി സമ്മേളനം**

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള അസംഘടിത തൊഴിലാളികളുടെ രൂപതാസമ്മേളനം മെയ് 17 ശനിയാഴ്ച ഉച്ച കഴിഞ്ഞ് 2.00 മണിക്ക് മൂവാറ്റുപുഴ ലിറ്റിൽ ഫ്ളവർ സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. രൂപതാ പ്രസിഡന്റ് വിമല പോളിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗം സംസ്ഥാന അസംഘടിത തൊഴിലാളി ഫോറം പ്രസിഡന്റ് അഞ്ജലി സൈറസ് ഉദ്ഘാടനം ചെയ്യും. KLM രൂപതാ ട്രഷറർ അഡ്വ. തോമസ് മാത്യു ആമുഖ പ്രസംഗവും ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് മുഖ്യപ്രഭാഷണവും നിർവഹിക്കും. അസംഘടിത തൊഴിലാളി ഫോറത്തിന്റെ വരുന്ന ഒരു വർഷക്കാലത്തെ പ്രവർത്തന മാർഗരേഖയ്ക്ക് സമ്മേളനം രൂപം നൽകും.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

**May 2025**

| | | |
|---|---|---|
| 1 - 3 | - | Pre Marriage Course |
| 4 | - | KCYM Diocesan Council |
| 15 - 17 | - | Pre Marriage Course |
| 24 - 28 | - | Agape Retreat |

*Director*

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**മാർച്ച് 2025**

25 • നെയ്യാറ്റിൻകര മുനിസിപ്പൽ സ്റ്റേഡിയത്തിൽ ഫാ. ഡി. സെൽവരാജിന്റെ മെത്രാഭിഷേകത്തിൽ പങ്കെടുത്തു.

27 ● ഉപ്പുകുന്ന് ഇടവകയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. രൂപതാതല ദിവ്യകാരുണ്യപ്രയാണത്തിന് ആരംഭം കുറിച്ചു.

● കീരംപാറ ഇടവകയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. പുതിയതായി നിർമ്മിച്ച വൈദിക മന്ദിരവും വിശ്വാസ പരിശീലന കേന്ദ്രവും വെഞ്ചരിച്ചു.

28 ● മുതലക്കോടം ഫൊറോനയിലെ ദിവ്യകാരുണ്യ പ്രയാണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

29 ● തൊടുപുഴ ഫൊറോനയിലെ ദിവ്യകാരുണ്യ പ്രയാണത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

30 ● പുത്തൻകുരിശ് പാത്രിയാർക്കൽ സെന്ററിൽ യാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭയുടെ പുതിയ കാതോലിക്കയുടെ സ്ഥാനാരോഹണചടങ്ങിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

31 ● മാറിക ഫൊറോനയിലെ ദിവ്യകാരുണ്യ പ്രയാണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**ഏപ്രിൽ 2025**

01 ● വാഴക്കുളം ഫൊറോനയിലെ ദിവ്യകാരുണ്യ പ്രയാണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

● കരിമണ്ണൂർ ഇടവകയിൽ പരേതനായ കുഴുപ്പിള്ളിൽ ജോയി ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

02 ● ആരക്കുഴ ഫൊറോനയിലെ ദിവ്യകാരുണ്യ പ്രയാണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

03 ● മൈലക്കൊമ്പ് ഫൊറോനയിൽ ദിവ്യകാരുണ്യ പ്രയാണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

04 ● കാളിയാർ ഫൊറോനയിൽ ദിവ്യകാരുണ്യ പ്രയാണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

05 ● കത്തീഡ്രൽ ഇടവകയിൽ നാല്പത് മണി ആരാധനയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി

- പൈങ്ങോട്ടൂർ ഫൊറോനയിൽ ദിവ്യകാരുണ്യ പ്രയാണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

07
- മൂവാറ്റുപുഴ ഫൊറോനയിലെ ദിവ്യകാരുണ്യ പ്രയാണത്തിന്റെ ആരംഭത്തിൽ കാരക്കുന്നം ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.
- കത്തീഡ്രൽ ഇടവകയിൽ പരേതനായ കാരക്കൊമ്പിൽ കെ. സി. ജാനുവരിയോസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.
- മൈലക്കൊമ്പ് SH മഠത്തിൽ പരേതയായ അറുകാലിൽ സി. മേരി ഇൻകാർനേറ്റിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

08
- വിശ്വാസപരിശീലനത്തോടനുബന്ധിച്ച് വചന ഡയറി മത്സരത്തിൽ പങ്കെടുത്ത കുട്ടികൾക്ക് മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.
- അങ്കമാലി വിൻസെൻഷ്യൻ പ്രൊവിൻഷ്യൽ ഹൗസിൽ വിൻസെൻഷ്യൻ സഭാംഗമായ ഫാ. ജോർജ് വെമ്പിള്ളിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.
- ഊന്നുകൽ ഫൊറോനയിൽ ദിവ്യകാരുണ്യ പ്രയാണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

09
- മൈനർ സെമിനാരി പ്രവേശനത്തിനുള്ള ഇന്റർവ്യൂ നടത്തി.
- മുതലക്കോടം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.
- വെളിയേൽച്ചാൽ ഫൊറോനയിൽ ദിവ്യകാരുണ്യ പ്രയാണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

10
- ആരക്കുഴ CMC മഠത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.
- ബിഷപ്പ്സ് ഹൗസിൽ ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ മീറ്റിംഗിൽ പങ്കെടുത്തു.
- കുറുപ്പംപടി ഫൊറോനയിൽ ദിവ്യകാരുണ്യ പ്രയാണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

11 • കത്തീഡ്രൽ ഇടവകയിൽ രൂപതയിലെ ദിവ്യകാരുണ്യ പ്രയാണത്തിന്റെ സമാപനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

12 • കത്തീഡ്രൽ ദൈവാലയത്തിൽ മ്ശംശാന പട്ട ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

• പെരിങ്ങഴ ഇടവകയിൽ പരേതനായ ചേറ്റൂർ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

13 • പഴമ്പിള്ളിച്ചാൽ, പരിശക്കല്ല് ഇടവകകളിൽ വി. കുർബാന അർപ്പിച്ച് ഓശാന ഞായർ തിരുക്കർമ്മങ്ങൾ പരികർമ്മം ചെയ്തു.

14 • വി. മൂറോൻ കൂദാശയോടനുബന്ധിച്ച് കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

15 • വാഴക്കുളം അഭിഷേകാഗ്നി മിസ്പാ റിന്യൂവൽ സെന്ററിൽ യുവജനധ്യാനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

17 • കത്തീഡ്രലിൽ പെസഹാ വ്യാഴം തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

18 • ഞായപ്പിള്ളി ദൈവാലയത്തിൽ ദുഃഖവെള്ളി തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും കുരിശിന്റെ വഴിയിൽ പങ്കെടുക്കുകയും ചെയ്തു.

19 • കോടിക്കുളം ദൈവാലയത്തിൽ വലിയ ശനിയാഴ്ചയുടെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

20 • കത്തീഡ്രൽ ദൈവാലയത്തിൽ ഈസ്റ്റർ ദിനത്തിലെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

21 • കോഴിപ്പിള്ളി SABS മഠത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

• പരേതനായ ബഹു. ഇമ്മാനുവേൽ വട്ടക്കുഴി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കല്ലൂർക്കാട് ഇടവക ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

22 • കറുകടം FCC മഠത്തിൽ സിനാക്സിസിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

- തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ ദൈവകരുണയുടെ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.
- നെടിയശാല ഇടവകയിൽ പൂത്തട്ടപറമ്പിൽ എബ്രഹാം പി. എ. യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.
- കോലടി ഇടവകയിൽ നെടുംമരുതുംചാലിൽ പരേതയായ ഏലിക്കുട്ടി ജോണിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

23 • മുതലക്കോടം ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

# Bishop's Engagements

## May 2025

| | | | |
|---|---|---|---|
| 03 | Sat | Marriage | Cathedral |
| | | Holy Qurbana | Dharmagiri |
| 04 | Sun | Holy Qurbana | Arakuzha |
| | | KCYM Council | NESTT |
| 05 | Mon | Ordination | Nediakad |
| | | Baptism | Nediasala |
| | | Blessing | Karimannoor |
| 06 | Tue | Blessing | Udumbannoor |
| 07 | Wed | Presbyteral Council | NESTT |
| 08-09 | Thu-Fri | Standing Committee - CBCI | Bangalore |
| 10 | Sat | Silver Jubilee | Parapuzha |
| | | Beliyen Belam | VJCET |
| | | Meeting | NESTT |
| 11 | Sun | Holy Qurbana | Mannanam |
| 12 | Mon | Holy Qurbana | Muvattupuzha |
| 13-16 | | Jeeva Bhavan-Blessing | Odisha |

| | | | |
|---|---|---|---|
| 18 | Sun | Holy Qurbana | Pala |
| 19 | Mon | Diaconate and Minor Orders - VC | Edappally |
| 20 | Tue | Anniversary - SFO | Muvattupuzha |
| 21 | Wed | Mission Sangamam | NESTT |
| 22 | Thu | Meeting | Nirmala Public School |
| 24 | Sat | Ordination | Cathedral |
| 26 | Mon | Baptism | Anicadu |
| 27 | Tue | Jubilee | Kuruppampady |
| 29 | Thu | Baptism | Kadavoor |
| 31 | Sat | Baptism | Neyyassery |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. കുര്യാക്കോസ് വട്ടക്കുന്നുംപുറം | ചരമദിനം | 07-06-1975 |
| ഫാ. ജോൺ കൊച്ചുമുട്ടം | ” | 11-06-1973 |
| ഫാ. ജോസ് പീച്ചാട്ട് | ” | 11-06-2016 |
| ഫാ. ജോർജ് പടിഞ്ഞാറേക്കൂറ്റ് (Sr.) | ” | 14-06-1966 |
| ഫാ. ജോർജ് നമ്പ്യാപറമ്പിൽ | ” | 25-06-1995 |
| ഫാ. മാത്യു മൂഞ്ഞനാട്ട് | ” | 26-06-2014 |
| ഫാ. ജോർജ് പടിഞ്ഞാറയിൽ | ” | 28-06-2004 |

# നിര്യാതരായി

## സി. മേരി ഇൻകാർനേറ്റ് അറുകാലിൽ SH



ഇടവക - മൈലക്കൊമ്പ്
ജനനം - 08-04-1943
ആദ്യവ്രതം - 02-05-1965
നിത്യവ്രതം - 25-07-1970
മരണം - 06-04-2025
മൃതസംസ്കാരം - 07-04-2025 (മൈലക്കൊമ്പ്)



കോതമംഗലം രൂപതയ്ക്ക് വേണ്ടി കാറോയൂസാ, ഹെവ്പ്പദ്യാക്ക്നൂസാ പട്ടവും വൈദിക വസ്ത്രവും സ്വീകരിച്ചവർ.



കോതമംഗലം രൂപതയ്ക്ക് വേണ്ടി മ്ശംശാനാ പട്ടം സ്വീകരിച്ചവർ




മാർച്ച് 27 മുതൽ ഏപ്രിൽ 11 വരെ രൂപതയിലെ എല്ലാ ഇടവകകളിലുമായി നടന്ന ദിവ്യകാരുണ്യ പ്രയാണത്തിൽ നിന്ന്.

Deivarajyam
May 2025

R.N.7623/63
Registered No: KL/ALY/0020/2023-2025
Date of Publication: 01/05/2025
Posted at Thodupuzha Stg.
Annual Subscription ₹500

EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691
Kerala, India
www.dioceseofkothamangalam.org

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691